Uncorrected/Not for publication

16-10-2026

# Question Hour

മി. സ്പീക്കർ : ഓർഡർ... ഓർഡർ.... ചോദ്യം നമ്പർ (*121)

**ശബരിമലയിലേക്കുള്ള മിൽമയുടെ നെയ്യ് വിതരണത്തിലെ ക്രമക്കേട്**

1(*121) ശ്രീ. കെ. ജയന്ത്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി ഉഷ വിജയൻ:
ശ്രീ. ടി. ഒ. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്ക് മിൽമ തിരുവനന്തപുരം മേഖല യൂണിയൻ വിതരണം ചെയ്ത നെയ്യ് വഴിമധ്യേ മാറ്റി ഗുണനിലവാരം കുറഞ്ഞ നെയ്യ് എത്തിച്ചതായി പറയപ്പെടുന്ന സംഭവത്തെക്കുറിച്ച് ക്ഷീരവികസന വകുപ്പ് നടത്തിയ അന്വേഷണത്തിൽ വൻ സാമ്പത്തിക നഷ്ടമുണ്ടായെന്ന് കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ;

16-10-2026
# Question Hour

(ബി) നെയ്യ് മറിച്ചുവിറ്റതായി പറയപ്പെടുന്ന സംഭവത്തിൽ മേഖലാ യൂണിയന് നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നഷ്ടമുണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മിൽമ തിരുവനന്തപുരം മേഖല യൂണിയനിൽ കഴിഞ്ഞ പത്ത് വർഷം നടന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തുമോ; വിശദമാക്കുമോ?

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): സർ,

(എ) ക്ഷീര വികസന വകുപ്പിന്റെ പ്രാഥമിക അന്വേഷണത്തിൽ, 720 രൂപ പ്രതിലിറ്ററിന് വിപണി വിലയുള്ളതും 558.42 രൂപ ഹോൾ സെയിൽ വില്പന വിലയുള്ളതുമായ നെയ്യ്, 510 രൂപ പ്രതിലിറ്റർ പ്രകാരമാണ് ശബരിമല സന്നിധാനം സ്റ്റോറിൽ എത്തിച്ച് നൽകുന്നതിന് തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ചെയർപേഴ്സൺ/ ഭരണസമിതി തീരുമാനിച്ചത്. അന്വേഷണത്തിൽ 1,55,010 ലിറ്റർ നെയ്യാണ്

16-10-2026
# Question Hour

തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയനിൽ നിന്നും ശബരിമലയിലേയ്ക്ക് അയച്ചു നൽകിയതെന്ന് ബോധ്യപ്പെട്ടു. ഒരു ലിറ്ററിന് 510 രൂപ നിരക്കിൽ ഹോൾ സെയിൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് നൽകുക വഴി ഒരു ലിറ്ററിന് 48.42 രൂപയുടെ നഷ്ടം യൂണിയന് ഉണ്ടായി.

ആകെ ശബരിമലയിലേയ്ക്ക് നൽകിയ നെയ്യുടെ അളവ് പരിശോധിക്കുമ്പോൾ 75.05 ലക്ഷം രൂപയുടെ നഷ്ടം തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന് ഉണ്ടായി.

(ബി) ക്ഷീരവികസന വകുപ്പിന്റെ പ്രാഥമിക അന്വേഷണത്തിൽ 75.05 ലക്ഷം രൂപയുടെ നഷ്ടം തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന് ഉണ്ടായി.

(സി) തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയനിൽ മുൻ വർഷങ്ങളിൽ നടന്ന വിവിധ ക്രമക്കേടുകളെ സംബന്ധിച്ച് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65(1) പ്രകാരമുള്ള സമഗ്ര

16-10-2026
Question Hour

അന്വേഷണത്തിന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ ഉത്തരവായിട്ടുണ്ട്. അന്വേഷണം അന്തിമഘട്ടത്തിലാണ്.

ശ്രീ. കെ. ജയന്ത്: സർ, ശബരിമലയുമായി ബന്ധപ്പെട്ട് നടക്കുന്ന ഏതൊരു കാര്യത്തിലും അഴിമതിയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരന്തരമായ അഴിമതിയാണ് അവിടെ നടന്നത്. ശബരിമല ക്ഷേത്രത്തിലെ ശ്രീകോവിൽ വാതിൽപ്പടി, ദ്വാരപാലക ശില്പങ്ങൾ എന്നിവയിൽനിന്ന് സ്വർണ്ണം അപഹരിച്ചതുൾപ്പെടെയുള്ള നിരവധി കേസുകളിൽപ്പെട്ട് പലരും ഇപ്പോൾ ജയിലിലാണ്. ഏറ്റവും ഒടുവിലായി ശബരിമലയിലേക്ക് മിൽമ തിരുവനന്തപുരം മേഖല യൂണിയൻ വിതരണം ചെയ്ത നെയ്യ് സംഭരണവുമായി ബന്ധപ്പെട്ട് നടത്തിയ അഴിമതി ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. ശബരിമല നെയ്യ് വിതരണത്തിൽ ക്രമക്കേട് നടത്തിയ മിൽമ തിരുവനന്തപുരം മേഖലാ യൂണിയൻ ഭരണസമിതി പിരിച്ചുവിട്ടതിൽ ഞാൻ മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഈ അഴിമതിയുമായി ബന്ധപ്പെട്ട് എത്ര

പേർക്കെതിരെ നടപടിയെടുത്തു; മറ്റ് നടപടികൾ എന്തൊക്കെയാണ്; നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, നിരവധി ആരോപണങ്ങളാണ് ഇത് സംബന്ധിച്ച് ഉയർന്നുവന്നത്. പ്രാഥമിക അന്വേഷണം നടത്തിയതിൽ ക്രമക്കേടുകൾ ഗുരുതരമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് മേഖല യൂണിയൻ പിരിച്ചുവിട്ടു. തുടർന്ന് ഡിപ്പാർട്ടുമെന്റുതല അന്വേഷണങ്ങൾ അന്തിമ ഘട്ടത്തിലാണ്.

ശ്രീ. കെ. ജയന്ത്: സർ, കുറ്റവാളികൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനുള്ള തെളിവുകൾ ശേഖരിക്കുന്നതിന് ടി ഫയൽ വിജിലൻസിന് കൈമാറിയിട്ടുണ്ടോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, ബന്ധപ്പെട്ട എല്ലാ ഫയലുകളും വിജിലൻസിന് കൈമാറിയിട്ടുണ്ട്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ശബരിമലയിലേക്കുള്ള മിൽമ നെയ്യ് വിതരണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട ആരോപണങ്ങൾ

പ്രഥമദൃഷ്ടിയാൽ ഗൗരവതരമാണെന്ന് വിലയിരുത്തിയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടത്. ദേവസ്വം ബോർഡിലെയും മിൽമയിലെയും ഉന്നതരുടെ ഒത്താശ ഇതിന് പിന്നിലുണ്ട്. സ്വർണം മുതൽ നെയ്യ് വരെ സർവം മായമാണ്. നെയ്യ് സന്നിധാനത്തെത്തിക്കാൻ കരാർ എടുത്ത വ്യക്തിയുടെ പങ്ക് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; പ്രസ്തുത കരാറുകാരന് മിൽമയുമായും ദേവസ്വം ബോർഡുമായും എന്തെങ്കിലും ബന്ധമുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീമതി ബിന്ദു കൃഷ്ണ:</u> സർ, അതുമായി ബന്ധപ്പെട്ട എല്ലാ പരിശോധനകളും നടന്നുവരികയാണ്. പത്തനംതിട്ട ഡയറിയിൽനിന്ന് പ്രസ്തുത നെയ്യ് സന്നിധാനത്ത് എത്തിക്കുന്നതിന് ബിനു & കമ്പനി എന്ന സ്ഥാപനത്തിന് 15 ലിറ്റർ ടിൻ ഒന്നിന് 18 രൂപ നിരക്കിൽ കരാർ നൽകിയതായി കാണുന്നു. ശബരിമലയിലും പരിസരത്തും മിൽമ ഉൽപ്പന്നങ്ങൾ വിതരണം നടത്തുന്നതിനുള്ള ഹോൾസെയിൽ ഡീലർഷിപ്പും ടി കമ്പനിക്ക് നൽകിയതായി കാണുന്നു. പത്തനംതിട്ട ഡയറിയിൽ നിന്ന്

16-10-2026
Question Hour

പല ലോഡുകളായി ശബരിമല സന്നിധാനം സ്റ്റോറിലേക്ക് അയച്ച നെയ്യ് വഴിമധ്യേ മാറ്റി തമിഴ്നാട്ടിൽ നിന്നും സംഭരിച്ച ഗുണനിലവാരം കുറഞ്ഞ നെയ്യ് മിൽമയുടെ ടിന്നുകളിൽ നിറച്ചു നൽകുകയും ഇപ്രകാരം മാറ്റിയ ഗുണമേന്മയുള്ള നെയ്യ് ലിറ്ററിന് 720 രൂപയ്ക്ക് വിപണിയിൽ വിറ്റ് കോടിക്കണക്കിന് രൂപയുടെ അനധികൃത സമ്പാദനം നടത്തിയെന്ന് മാധ്യമങ്ങളിലടക്കം വാർത്ത വന്നിട്ടുണ്ട്. ഇതെല്ലാം അന്വേഷണ വിധേയമാക്കിയിട്ടുണ്ട്.

<u>ശ്രീമതി ഉഷ വിജയൻ</u>: സർ, നെയ്യ് വിതരണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

<u>ശ്രീമതി ബിന്ദു കൃഷ്ണ</u>: സർ, അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയിൽ നടക്കുന്ന കേസിന്റെ തീരുമാനത്തിനുശേഷം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതാണ്.

16-10-2026
Question Hour

ശ്രീ. ടി. ഒ. മോഹനൻ: സർ, കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ ശബരിമലയിൽ നടത്തിയ ആചാരലംഘനങ്ങളും കട്ടിളപ്പാളി ഉൾപ്പെടെയുള്ള സ്വർണക്കൊള്ളയും സംബന്ധിച്ച് മാധ്യമങ്ങളിൽ വന്ന വാർത്ത വിശ്വാസികളെ വളരെ വേദനിപ്പിച്ചിരിക്കുകയാണ്. പ്രത്യേകിച്ച് ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന കോടിക്കണക്കിന് ആളുകളുടെ പ്രയാസം എത്രമാത്രം വലുതാണെന്ന് പ്രത്യേകം പറയേണ്ടതില്ല. നെയ്യ് ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രം മുതൽ ശബരിമലയിൽ എത്തിക്കുന്നതുവരെയുള്ള വിതരണശൃംഖല നിരീക്ഷിക്കുന്നതിന് ഫലപ്രദമായ സംവിധാനം നിലവിലുണ്ടോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, തീർച്ചയായും അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, തൊഴിൽ വകുപ്പുമന്ത്രി കൂടി ആയതുകൊണ്ടാണ് ഈ ചോദ്യം ചോദിക്കുന്നത്. കഴിഞ്ഞ 8 മാസങ്ങളായി മാധ്യമം പത്രത്തിലെ ജീവനക്കാരുടെ ശമ്പളം കുടിശ്ശികയാണ്. കഴിഞ്ഞ

16-10-2026
Question Hour

ഒരു മാസമായി അവർ സെക്രട്ടേറിയറ്റിനുമുന്നിൽ സമരത്തിലാണ്. (...ബഹളം...) ഇക്കാര്യത്തിൽ അങ്ങ് ഇടപെട്ട് പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

മി.സ്പീക്കർ: ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം ഇന്നത്തെ വിഷയത്തിൽ നിന്നും വളരെ ദൂരത്തിലാണ്. അങ്ങ് പറഞ്ഞ ചോദ്യം പ്രത്യേകമായി പരിഗണിക്കേണ്ടതാണ്. ശബരിമലയിലേക്കുള്ള മിൽമയുടെ നെയ്യ് വിതരണത്തെക്കുറിച്ചാണ് ഇന്നത്തെ ചോദ്യം. അതിനുപുറത്ത് നെയ്യ് തേയ്ക്കാൻ പറ്റില്ലല്ലോ? അതുകൊണ്ട് ആ ചോദ്യത്തിന് വേണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാം. ഇല്ലെങ്കിൽ പാസ് ഓൺ ചെയ്യാവുന്നതാണ്.

ശ്രീമതി ബിന്ദു കൃഷ്ണ: സർ, ഇന്നത്തെ ചോദ്യവുമായി ബന്ധപ്പെട്ടതല്ലെങ്കിലും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഓണത്തിന് തൊട്ടുമുമ്പ് ചർച്ച നടത്തിയിരുന്നു. ബാക്കി കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

16-10-2026
Question Hour

ശ്രീ. സി. വി. ശാന്തകുമാർ: സർ, നമ്മുടെ നാടിന്റെ മതേതരത്വത്തിന്റെ മകുടോദാഹരണമാണ് ശബരിമല കാനന ക്ഷേത്രം. ഓരോ മണ്ഡലകാലം ആരംഭിക്കുമ്പോഴും വിവിധ തരത്തിലുള്ള വിവാദങ്ങളിലേക്ക് ശബരിമലയെ കൊണ്ടെത്തിക്കുകയാണ്. എങ്കിലും അന്നദാന പ്രഭുവിന്റെ കടാക്ഷംകൊണ്ട് നാളിതുവരെ മണ്ഡലകാലം പരിപൂർണ്ണമായി പോകുന്നുണ്ട്. ഭക്തർ വളരെ പരിപൂർണ്ണവും ഭക്തിപൂർവ്വവും കൊണ്ടുപോകുന്ന ഇരുമുടിക്കെട്ടിലെ വിവിധ തരത്തിലുള്ള പൂജാദ്രവ്യങ്ങൾ, അതിൽ നെയ്യ് തേങ്ങയുണ്ട്, നെയ്യുണ്ട്. അവ ശേഖരിക്കുന്നതിന് മിൽമ നേരിട്ട് ഒരു കേന്ദ്രം ശബരിമലയിൽ ആരംഭിക്കുമോ? നെയ്യഭിഷേകം ശബരിമലയിലെ അതീവ പ്രാധാന്യമുള്ള ആചാര അനുഷ്ഠാനമാണ്. ആടിയ ശിഷ്ടം നെയ്യ് ഭക്തർക്ക് പ്രസാദമായി കൊടുക്കുന്ന ഒരു ചടങ്ങുണ്ട്. അത് മിൽമ നേരിട്ട് ഏറ്റെടുത്ത് നൽകുന്നതിന് സത്വരനടപടി സ്വീകരിക്കുമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, ശബരിമല നെയ്യിൽ കൃത്രിമം നടത്തിയതിൽ ഒരു ഭക്ത എന്ന നിലയിൽ ഞാനടക്കമുള്ള എല്ലാ

വിശ്വാസികൾക്കും അങ്ങേയറ്റം വേദനയുണ്ടാക്കിയിട്ടുണ്ട്. ആടിയ നെയ്യ് ശേഖരിക്കുന്ന കാര്യത്തിൽ നെയ്യ് കൊടുക്കുക എന്നത് മാത്രമാണ് മിൽമയുടെ ഉത്തരവാദിത്വം. ബാക്കി കാര്യങ്ങളെപ്പറ്റി പരിശോധിക്കാം.

ശ്രീ. യു. ആർ. പ്രദീപ്: സർ, വിവിധ സംസ്ഥാനങ്ങളിൽ നിന്ന് അതിർത്തി കടന്ന് പാലുൽപ്പന്നങ്ങൾ ഉൾപ്പെടെ പലതും നമ്മുടെ സംസ്ഥാനത്തേക്ക് വരുന്നുണ്ട്. അതിലെല്ലാം വലിയ തോതിൽ മായം കലർന്നിട്ടുമുണ്ട്. അത്തരം കാര്യങ്ങൾ തടയാൻ വേണ്ട എന്തെങ്കിലും പരിശോധനയോ ഒരുക്കങ്ങളോ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, നിലവിലെ സംവിധാനം അനുസരിച്ച് അത് പരിശോധിക്കാൻ പറ്റും. പക്ഷേ, പരിശോധിക്കുന്നതിനുള്ള ലാബ് അവിടെ ഇല്ല. പരിശോധിക്കുവാനുള്ള അധികാരം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഫുഡ് കമ്മിറ്റിക്കാണ്. അതുകൊണ്ടുതന്നെ കഴിഞ്ഞ സബ്ജക്ട് കമ്മിറ്റിയിൽ പാലിന്റെ ഗുണമേന്മ പരിശോധിക്കുവാനുള്ള അധികാരം

ഞങ്ങൾക്ക് തരണമെന്ന് അഭ്യർഥിച്ചിട്ടുണ്ട്. അതിനുള്ള നീക്കം നടത്തുന്നുണ്ട്.

ശ്രീ. മനോജ് മൂത്തേടൻ: സർ, ശബരിമലയിലേക്കുള്ള നെയ്യ് വഴിമധ്യേ മാറ്റി എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. മിൽമ എന്നത് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട, ജനങ്ങൾക്ക് ഏറെ വിശ്വാസമുള്ള സ്ഥാപനമാണ്. കേരളം കണികണ്ടുണരുന്ന നൻമ എന്നാണ് പറയപ്പെടുന്നത്. മിൽമയെപ്പോലും ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നമാണിത്. എല്ലാ മേഖല യൂണിയനിൽ നിന്നും വിതരണം ചെയ്യുന്ന നെയ്യ് ഉൾപ്പെടെയുള്ള കാര്യത്തിൽ ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ കൃത്യമായി വകുപ്പുതലത്തിൽ ഉണ്ടാകുമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, തീർച്ചയായും. അക്കാര്യത്തിൽ വകുപ്പ് വളരെ പ്രതിജ്ഞാബദ്ധമാണ്. ഇത്തരത്തിൽ ആരും ചെയ്യാൻ പാടില്ലാത്തതാണ്. അതുകൊണ്ട് കുറ്റക്കാർക്കെതിരെ മാതൃകാപരമായ

16-10-2026
Question Hour

നടപടി സ്വീകരിക്കുന്നതോടൊപ്പം തന്നെ ഇനി അത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നിതാന്ത ജാഗ്രത ക്ഷീരവികസന വകുപ്പ് നടത്തുന്നതാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സ്വാമി ശരണം. ആഗോള അയ്യപ്പ സംഗമത്തിന്റെ പേരിൽ പമ്പയിൽ ഒരു ആളില്ലാ അയ്യപ്പ സംഗമം നടത്തിയിരുന്നു. യേശുക്രിസ്തുവാണ് 5 അപ്പം കൊണ്ട് 5000 പേരെ തൃപ്തിപ്പെടുത്തിയത്. 500 ഇഡ്ഡലി കൊണ്ട് 5000 പേരെ തൃപ്തിപ്പെടുത്തി എന്നൊരു കണക്ക് അന്നത്തെ കാലത്ത് വന്നിരുന്നു. അതേക്കുറിച്ച് അന്വേഷിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? അയ്യപ്പന്റെ പേരുപറഞ്ഞ് കഴിഞ്ഞ ഗവൺമെന്റ് കാലത്ത് ഒത്തിരി തട്ടിപ്പുകൾ നടത്തിയിട്ടുണ്ട്. അതൊരു കാരണവശാലും ഇനി അനുവദിക്കാൻ പാടില്ല. (....ബഹളം.....) അത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

16-10-2026
# Question Hour

<u>ശ്രീമതി ബിന്ദു കൃഷ്ണ:</u> സർ, അത് ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട കാര്യമല്ല. ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി അതിന് മറുപടി പറയും.

<u>ശ്രീ. വി. മുരളീധരൻ:</u> സർ, ശബരിമലയിലെ നെയ്യ് മോഷണം പോയത് ഗൗരവതരമായ വിഷയം തന്നെയാണ്. ബഹുമാന്യയായ മന്ത്രിയുടെ വകുപ്പുമായി ബന്ധപ്പെട്ടുള്ള ഒരു ഗൗരവതരമായ വിഷയവും അതിന്റെ പരിഹാരവും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ദേശീയതലത്തിൽ പാൽ ഉൽപ്പാദനത്തിൽ അതായത്, per capita milk availability കഴിഞ്ഞ 10 കൊല്ലത്തിനിടയിൽ വലിയ വർധനവ് ഉണ്ടായിട്ടുണ്ട്. 2014-15 ൽ 319 ഗ്രാം ആയിരുന്നത് 2024-25 ആയപ്പോൾ 485 ഗ്രാമായി. ഏകദേശം 50 ശതമാനം വർധനവുണ്ടായി. പക്ഷേ, 2025-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ പുറത്തിറക്കിയ Basic Animal Husbandary Statistics അനുസരിച്ച് കേരളത്തിൽ കഴിഞ്ഞ 10 കൊല്ലത്തിനിടയിൽ ഇത് കുറയുകയാണ് ചെയ്തിരിക്കുന്നത്. കേരളത്തിൽ 2015-16-ൽ 211

16-10-2026
Question Hour

ഗ്രാമായിരുന്നത് 2024-25 ആയപ്പോൾ 195 ഗ്രാമായി കുറഞ്ഞു. ഇതൊരു ഗൗരവമുള്ള വിഷയമാണ്. നാടൻ കന്നുകാലിയിനങ്ങളുടെ സംരക്ഷണം, ജനിതക ഗുണനിലവാരം മെച്ചപ്പെടുത്തൽ, കൃത്രിമ ബീജസങ്കലനം, ലൈംഗിക നിർണ്ണയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ബീജം, ഭ്രൂണ കൈമാറ്റ സാങ്കേതികവിദ്യ ഇതൊക്കെ പ്രയോജനപ്പെടുത്താനായി രാഷ്ട്രീയ ഗോകുൽ മിഷൻ എന്ന 3400 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തി കേരളത്തിൽ പാലുൽപ്പാദനം വർധിപ്പിക്കാനും per capita milk availability വർധിപ്പിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ടോ; ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീമതി ബിന്ദു കൃഷ്ണ:</u> സർ, കേന്ദ്രാവിഷ്കൃത പദ്ധതികൾ അടക്കമുള്ള നിരവധി പദ്ധതികൾ സംസ്ഥാനത്ത് പാലുൽപ്പാദനം വർധിപ്പിക്കുന്നതിനായി നടത്തിവരുന്നു. നിലവിൽ 70 ലക്ഷം ലിറ്റർ

16-10-2026
Question Hour

പാലാണ് പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നത്. അടുത്ത 3 വർഷത്തിനുള്ളിൽ അത് ഒരു കോടി ലിറ്റർ പാലാക്കുക എന്നുള്ളതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. കന്നുകാലി സെൻസസിന്റെ കാര്യത്തിലടക്കം സംസ്ഥാന സർക്കാർ കൊടുത്ത സെൻസസ് റിപ്പോർട്ട് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിക്കാത്തതുകൊണ്ട് അതുമായി ബന്ധപ്പെട്ട ബാക്കി കാര്യങ്ങൾ കൂടി നീക്കാനുണ്ട്. ഈ പദ്ധതികൾ എല്ലാം കേരളത്തിൽ കൃത്യമായി നടപ്പിലാക്കുന്നുണ്ട്. അതുകൂടാതെ എല്ലാവർക്കും അറിയാവുന്നതു പോലെ, കാലിത്തീറ്റയുടെ ഉൽപ്പാദനത്തിന് അസംസ്കൃതവസ്തുക്കളുടെ വില വളരെ കൂടുതലാകുന്നതുകൊണ്ട് അത്തരം കാര്യങ്ങൾ കൂടി സംസ്ഥാന സർക്കാർ അഡ്രസ് ചെയ്യുന്നുണ്ട്.

ശ്രീ. എം. എം. നസീർ: സർ, മിൽമയാണ് ശബരിമലയിലേക്ക് നെയ്യ് വിതരണം ചെയ്തിരുന്നത്. മിൽമ എന്നത് ഏറ്റവും വിശ്വസ്തമായൊരു സ്ഥാപനമാണ്. ശബരിമലയിലെ മിൽമയുടെ നെയ്യിലും അളവിലും

16-10-2026
Question Hour

ക്വാളിറ്റിയിലും എന്തെങ്കിലും കുറവ് സംഭവിച്ചതായി റിപ്പോർട്ടുണ്ടോ; അങ്ങനെയാണെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, ഇക്കാര്യം തന്നെയാണ് നേരത്തെ സൂചിപ്പിച്ചത്. വളരെ ഗുണമേന്മയുള്ള നെയ്യാണ് മിൽമ ഉൽപാദിപ്പിക്കുന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അളവിലും ഗുണത്തിലും കൃത്രിമത്വമില്ലാതെ ക്വാളിറ്റിയുള്ള നെയ്യ് തന്നെയാണ് ശബരിമലയിലേയ്ക്ക് കൊടുത്തയച്ചത്. പക്ഷെ, ശബരിമലയിൽ എത്തിയപ്പോൾ അതിന്റെ ഗുണനിലവാരവും അളവും കുറഞ്ഞെന്നാണ് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നടത്തിയ വകുപ്പുതല പരിശോധനയിൽ മനസ്സിലായത്. അതിനെക്കുറിച്ച് ഉടൻതന്നെ വിശദമായ അന്വേഷണം നടത്തി. അതുകൂടാതെ വിജിലൻസ് കേസെടുത്ത് അന്വേഷണം നടത്തുകയും ചെയ്യുന്നുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് കൃത്യമായ നടപടി സ്വീകരിക്കുന്നതാണ്.

16-10-2026
Question Hour

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെയ്യാർ ഡാമിന് സമീപത്തുള്ള കള്ളിക്കാട് എന്ന സ്ഥലത്ത് ഡയറി സയൻസ് ആൻഡ് ടെക്നോളജി എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നതിന് സ്ഥലമെറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ അവസാന ബജറ്റിൽ ഇതിനായി പത്ത് കോടി രൂപയും നീക്കിവച്ചിരുന്നു. ഈ സർക്കാർ അവതരിപ്പിച്ച ബജറ്റിൽ അത് എട്ടര കോടി രൂപയായി ചുരുങ്ങി. പത്ത് ഏക്കർ നെൽക്കൃഷിക്കും ആറ് ഏക്കർ വെറ്ററിനറി ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളേജിനുമായാണ് മാറ്റിവച്ചത്. പ്രസ്തുത വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയായതിനാൽ ടി പദ്ധതിയുടെ നിലവിലെ പ്രോഗ്രസ് എന്താണെന്ന് വിശദമാക്കാമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, തീർച്ചയായും. ഞാൻ ചുമതലയേറ്റതിനുശേഷം അതിനെക്കുറിച്ച് പരിശോധിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട്

16-10-2026
Question Hour

നെട്ടുകാൽത്തേരിയിൽ പുൽ കൃഷി വ്യാപിപ്പിക്കുന്നതടക്കമുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

ശ്രീമതി രമ്യ ഹരിദാസ്: സർ, ശബരിമലയിലേയ്ക്ക് നെയ്യ് വിതരണം നടത്തിയതിലുണ്ടായ ക്രമക്കേടുമായി ബന്ധപ്പെട്ട് വന്ന വിഷയത്തിൽ നഷ്ടം കണ്ടെത്തിയ തുക ഈടാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം കൃത്യമായ നടപടി സ്വീകരിക്കും. ബന്ധപ്പെട്ട കുറ്റക്കാരിൽനിന്ന് ടി തുക ഈടാക്കുന്നതിനും അവരെ ശിക്ഷാ നടപടികൾക്ക് വിധേയമാക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. വിഷ്ണു മോഹൻ: സർ, കേരളത്തിലെ ക്ഷീരകർഷകർ ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്ന പ്രശ്നം കാലിത്തീറ്റ വില വർധനവാണ്. ഈ കാലിത്തീറ്റകളുടെ വില വർധന നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത്

എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; പാലിന്റെ വില ഒരു രൂപ വർധിപ്പിച്ചാൽ കാലിത്തീറ്റയുടെ വില നാലുംഅഞ്ചും രൂപയായി വർധിപ്പിക്കുകയാണ്. അതുകൊണ്ട് കാലിത്തീറ്റയുടെ വില വർധന നിയന്ത്രിക്കുന്നതിന് കേരളത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോ; അല്ലെങ്കിൽ അങ്ങനെയൊരു സംവിധാനമൊരുക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നൊരു ഭാഗമാണിത്. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കളായ എണ്ണയില്ലാത്ത തവിട്, ചോളം, കൊപ്ര പിണാക്ക്, റൈസ് പോളിഷ്, മോളാസിസ് എന്നിവയുടെ വില 57 ശതമാനമാണ് വർധിച്ചിരിക്കുന്നത്. അത് അതിജീവിക്കാനുള്ള നടപടികളെക്കുറിച്ച് ഇന്നലെയുംകൂടി മീറ്റിങ് കൂടിയിരുന്നു. തീർച്ചയായും ശാസ്ത്രീയമായ സമീപനത്തിലൂടെ അക്കാര്യം

16-10-2026

# Question Hour

പരിശോധിച്ച് ക്ഷീരകർഷകരെ സഹായിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

മി. സ്പീക്കർ: എല്ലാ അംഗങ്ങളും നിശ്ചിതസമയത്തിനുള്ളിൽ ചോദ്യം ഉന്നയിക്കുകയും മറുപടി നൽകുകയും ചെയ്തു. കൂടാതെ, ഉപചോദ്യം ഉന്നയിച്ച എല്ലാ അംഗങ്ങളും അവസരം നൽകുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ശബരിമലയിലേയ്ക്ക് വിതരണം ചെയ്യുന്ന നെയ്യ് ഈ വർഷം മുതൽ പമ്പയിൽ വച്ചുതന്നെ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ സന്നിധാനത്തേക്ക് കൊണ്ടുപോകുകയുള്ളൂവെന്ന് ദേവസ്വം ബോർഡ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

16-10-2026
# Question Hour

## ബാല്യസ്പന്ദനം പദ്ധതി

2(*122) ശ്രീ. സുധീർഷാ പാലോട്:
ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എം. വിൻസെന്റ്:
ശ്രീ. രാജൻ. ജെ. പല്ലൻ:
ശ്രീ. കെ. ബിനിമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അങ്കണവാടി കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് ബാല്യസ്പന്ദനം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അങ്കണവാടി കുട്ടികളുടെ മാനസിക-ആരോഗ്യ വളർച്ചയ്ക്ക് പ്രസ്തുത പദ്ധതി ഏതെല്ലാം വിധത്തിൽ സഹായകമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

16-10-2026
Question Hour

(സി) ഏതൊക്കെ വകുപ്പുകൾ ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; അങ്കണവാടികളിലെ നിലവിലുള്ള ഭക്ഷണ രീതിയിൽ മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): സർ, (എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അങ്കണവാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനും ആരോഗ്യപ്രശ്നങ്ങളുണ്ടെങ്കിൽ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന ത്രൈമാസ ആരോഗ്യപരിശോധന പദ്ധതിയാണ് 'ബാല്യസ്പന്ദനം'. ഇത് കേരളത്തിലെ 258 ICDS പ്രോജക്ടുകളിലായി 33120 അങ്കണവാടികളിലെ കുട്ടികളുടെ

16-10-2026
Question Hour

ആരോഗ്യ പരിശോധന ആരോഗ്യവകുപ്പ് നിയോഗിച്ച സബ് സെന്റർ തലത്തിലുള്ള JPHN, JHI, MLSP എന്നിവരടങ്ങിയ ടീം അങ്കണവാടികളിൽ വച്ച് നടത്തുന്ന പരിശോധനയിലൂടെ നടത്തിവരുന്നു. ഈ ഘട്ടത്തിൽ പരിശോധനയ്ക്കായി എത്തുന്ന ഓരോ കുട്ടിയുടെയും ആരോഗ്യ പരിശോധന വിവരങ്ങൾ പൂരിപ്പിക്കാൻ ഹെൽത്ത് കാർഡ് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കുട്ടികളിലെ പോഷകാഹാരക്കുറവ്, വിളർച്ച (Anaemia), കാഴ്ച-കേൾവി വൈകല്യങ്ങൾ, മറ്റ് ശാരീരിക-വളർച്ച വ്യതിയാനങ്ങൾ എന്നിവ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടെത്തി ആവശ്യമായ തുടർപരിശോധന, അനുബന്ധ ആരോഗ്യ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം. ഇതിലൂടെ കുട്ടികളുടെ പൊതുവായ ആരോഗ്യസ്ഥിതി വിലയിരുത്തുന്നതിനും വളർച്ചയെയും വികാസത്തെയും ബാധിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ സമയബന്ധിതമായി തിരിച്ചറിയുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും

16-10-2026
# Question Hour

സാധിക്കുന്നു. പദ്ധതിയുടെ ആദ്യഘട്ട ആരോഗ്യ പരിശോധന 2026 സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്തെ വിവിധ അങ്കണവാടികളിൽ നടത്തിയിട്ടുണ്ട്.

(സി) വനിതാ ശിശുവികസന വകുപ്പും ആരോഗ്യവകുപ്പും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. അങ്കണവാടികളിലെ 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള പ്രീ-സ്കൂൾ കുട്ടികളുടെ അനുപൂരക പോഷകാഹാര പദ്ധതി പ്രകാരമുള്ള ഭക്ഷണ മെനു പരിഷ്കരിച്ച് ഏകീകൃത മാതൃകാ മെനു നടപ്പിലാക്കി 13-06-2025-ലെ സ.ഉ. (സാധാ) നം.280/2025/WCDD പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+)

സംസ്ഥാന തലത്തിൽ തയ്യാറാക്കിയ ഈ മാതൃകാ മെനു ചാർട്ട് പ്രാദേശിക താല്പര്യങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയ്ക്കും പഞ്ചായത്ത് ഫണ്ട് ലഭ്യതയ്ക്കും അനുസൃതമായി മെനു പരിഷ്കരിച്ച് നിശ്ചയിക്കുന്നതിനും ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

16-10-2026
Question Hour

സംസ്ഥാനത്തെ അങ്കണവാടികളിൽ പ്രാവർത്തികമാക്കുന്നതിന് മേൽ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

അനുപൂരക പോഷകാഹാരത്തിൽ ചേർത്ത പഞ്ചസാര (added sugar), ഉപ്പ്, കൃത്രിമ നിറങ്ങൾ, എണ്ണ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തണമെന്ന കേന്ദ്ര സർക്കാരിന്റെ ഡയറി മാർഗ്ഗനിർദേശങ്ങൾ മെനു പരിഷ്കരണത്തിൽ പൂർണ്ണമായും പാലിച്ചുകൊണ്ടും 3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് പ്രതിദിനം 500 KCal ഊർജ്ജവും 12-15 ഗ്രാം പ്രോട്ടീനും ഉറപ്പാക്കുന്ന രീതിയിലും ദേശീയ ഭക്ഷ്യഭദ്രതാ നിയമം (NFSA 2013), സപ്ലിമെന്ററി ന്യൂട്രീഷ്യൻ റൂൾസ് (2017), 'മിഷൻ സക്ഷം അങ്കണവാടി&പോഷൻ 2.0' എന്നിവയിലെ മാനദണ്ഡങ്ങൾക്കനുസൃതമായുമാണ് പുതുക്കിയ മെനു തയ്യാറാക്കിയിട്ടുള്ളത്.

<u>ശ്രീ. സുധീർഷാ പാലോട്</u>: സർ, കുട്ടികളിലെ അംഗവൈകല്യങ്ങൾ, മറ്റ് ശാരീരിക ബുദ്ധിമുട്ടുകൾ എന്നിവ അങ്കണവാടി സമയത്തുതന്നെ കണ്ടെത്തി അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ്

'ബാല്യസ്പന്ദനം'. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. പദ്ധതിയുടെ ഭാഗമായി അങ്കണവാടി കുട്ടികൾക്കുവേണ്ടി നടത്തിയ ആരോഗ്യ പരിശോധനയിലൂടെ സംസ്ഥാനത്ത് എത്ര കുട്ടികൾക്കാണ് ഇത്തരത്തിലുള്ള അംഗവൈകല്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; അതുമായി ബന്ധപ്പെട്ട വിദഗ്ധ തുടർചികിത്സയ്ക്ക് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചത്; വിശദമാക്കാമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, ഇക്കാര്യത്തിൽ കൃത്യമായ എണ്ണം പരിശോധിച്ച് പറയാം. കാരണം, നിലവിൽ തുടർപരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. ശ്രദ്ധയിൽപ്പെടുന്ന എല്ലാ കുട്ടികൾക്കും തുടർചികിത്സ നൽകുന്നതിനായി വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്.

ശ്രീ. സുധീർഷാ പാലോട്: സർ, ഭവന സന്ദർശനം, ഡാറ്റ കളക്ഷൻ, കുട്ടികളുടെയും ഗർഭിണികളുടെയും രോഗപരിചരണമുൾപ്പെടെയുള്ള കാര്യങ്ങൾ ഉള്ളതുകൊണ്ട് അങ്കണവാടി ജീവനക്കാർക്ക് വലിയ

ജോലിഭാരമാണ്. അതിനപ്പുറമെയാണ് 'ബാല്യസ്പന്ദനം' പദ്ധതി. അതിനാൽ അങ്കണവാടി ജീവനക്കാർക്ക് മെച്ചപ്പെട്ട സംവിധാനങ്ങൾ ഒരുക്കി കൊടുക്കാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, 8, 9 എന്നീ തീയതികളിലായി ഡൽഹിയിൽവച്ച് ദേശീയ വനിതശിശുവികസന വകുപ്പുമന്ത്രിമാരുടെ ഒരു യോഗം സംഘടിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട പ്രധാനമന്ത്രി പങ്കെടുത്ത പ്രസ്തുത യോഗത്തിൽ കുട്ടികളുടേത് അടക്കമുള്ള അവകാശങ്ങളെക്കുറിച്ച് ഒരു പ്രസന്റേഷൻ അവതരിപ്പിച്ചു. വളരെ കൃത്യമായിത്തന്നെ അങ്കണവാടി ജീവനക്കാരുടെ ജോലിഭാരവും അതിനനുസരിച്ചുള്ള വേതനമില്ലായ്മയെ കുറിച്ചുമൊക്കെ ആ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചിരുന്നു. എത്രയും വേഗം അത് അഭിസംബോധന ചെയ്യാനുള്ള നടപടികൾ കേന്ദ്ര സർക്കാരിനോടും അതോടൊപ്പം സംസ്ഥാന സർക്കാരിനാൽ കഴിയുന്നത്...., ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ആദ്യത്തെ ക്യാബിനറ്റിലെടുത്ത തീരുമാനം അങ്കണവാടി വർക്കർമാർക്കും

16-10-2026
Question Hour

ഹെൽപ്പർമാർക്കും ആയിരം രൂപ വർധിപ്പിക്കുകയെന്നതാണ്. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് സാധ്യമായതെല്ലാം ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായം ഇക്കാര്യത്തിൽ ആവശ്യമാണ്. അതിനായി ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം 1000 രൂപ വർധിപ്പിക്കുകയും അവർക്ക് ഉത്സവബത്ത അനുവദിക്കുകയും അങ്കണവാടി ജീവനക്കാരുടെ പെൻഷൻ ഇനത്തിൽ കഴിഞ്ഞ സർക്കാർ കുടിശ്ശിക വരുത്തിയ മുഴുവൻ തുകയും കൊടുത്തുതീർത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വകുപ്പുമന്ത്രിയെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. മുൻകാലങ്ങളിൽ അങ്കണവാടി ജീവനക്കാർക്ക് അങ്കണവാടികളുടെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സമർപ്പിച്ചാൽ മതിയാകും. പക്ഷേ, ഇപ്പോൾ എല്ലാം ഓൺലൈൻ സംവിധാനമാണ്. പോഷൻ ട്രാക്കർ ഉൾപ്പെടെ വകുപ്പ് നിർദേശിക്കുന്ന മീറ്റിങ്ങുകൾ നടത്തിയാൽ അതിന്റെ ഫോട്ടോയെടുത്ത് അപ്‌ലോഡ് ചെയ്യുന്ന എല്ലാ

16-10-2026
# Question Hour

കാര്യങ്ങളും ഓൺലൈൻ മുഖേനയാണ് ചെയ്യുന്നത്. അപ്രകാരം ഓൺലൈൻ വർക്ക് ചെയ്യുന്നതിന് സാധാരണ അങ്കണവാടി ജീവനക്കാരുടെ കൈവശം സ്മാർട്ട് ഫോണുകളില്ല. മാത്രവുമല്ല, പല സ്ഥലങ്ങളിലും ഇന്റർനെറ്റ് സംവിധാനമില്ലാത്ത സാഹചര്യവുമുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ജീവനക്കാർക്ക് സ്മാർട്ട് ഫോൺ നൽകുമെന്ന് വാഗ്ദാനം ചെയ്തെങ്കിലും തുടർ നടപടിയുണ്ടായില്ല. അങ്കണവാടി ജീവനക്കാർക്ക് ഓൺലൈൻ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനായി സ്മാർട്ട് ഫോണുകൾ നൽകാനുള്ള നടപടി സ്വീകരിക്കുമോ; മറ്റൊന്ന്, പഞ്ചായത്ത് വിഹിതം, കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം എന്നീക്രമത്തിലാണ് ഇവർക്ക് ശമ്പളം നൽകുന്നത്. ഇവ മൂന്നും മൂന്ന് വ്യത്യസ്ത തീയതികളിലാണ് കൊടുക്കുന്നത്. ഇത് മൂന്നുംകൂടി ഒരുമിച്ച് കൊടുക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കുമോ?

16-10-2026
Question Hour

ശ്രീമതി ബിന്ദു കൃഷ്ണ: സർ, ഞാൻ വകുപ്പുമന്ത്രിയായി ചുമതലയേറ്റതിനുശേഷം ആദ്യമായിത്തന്നെ ശ്രദ്ധയിൽപ്പെട്ടൊരു വിഷയമാണ് ഓൺലൈൻ സംവിധാനത്തിലുള്ള തകരാറും നിലവിലുള്ള സ്മാർട്ട് ഫോണുകൾ  ഉപയോഗപ്രദമല്ല എന്നുള്ളതും. അതു സംബന്ധിച്ച് വകുപ്പുമായി മീറ്റിങ് നടത്തിയപ്പോൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടാബ് നൽകാമെന്ന് തീരുമാനിച്ചിരുന്നെങ്കിലും  കേന്ദ്ര സർക്കാർ സ്മാർട്ട് ഫോൺ നൽകണമെന്ന് തന്നെയാണ് പറയുന്നത്. പക്ഷേ, അത് തമ്മിലുള്ള വ്യത്യാസം കാരണമാണ് നീണ്ടുപോയി. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നില്ലെങ്കിൽപോലും സ്മാർട്ട് ഫോൺ കൊടുക്കാൻ നിർദേശം നൽകിയിട്ടുണ്ട്. എത്രയുംവേഗം അങ്കണവാടി ജീവനക്കാർക്ക് സ്മാർട്ട് ഫോൺ കൊടുക്കാനുള്ള നടപടിയെടുക്കുന്നതാണ്.

ശ്രീ. വി. മുരളീധരൻ: സർ, ....... (മൈക്ക് ഓഫ്)

16-10-2026
Question Hour

മി. സ്പീക്കർ: (ബഹളം....) അങ്ങ് പ്രസ് ചെയ്തോളൂ. അങ്ങേയ്ക്ക് മറുപടി പറയാനുള്ള അവസരം നൽകും. ......(ബഹളം....) ചോദ്യോത്തരവേളയായതുകൊണ്ട് അതിൽനിന്ന് ഡിവിയേറ്റ് ചെയ്യേണ്ട.

ശ്രീ. രാജൻ ജെ. പല്ലൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2026 സെപ്റ്റംബർ മാസത്തിൽ ആരംഭിച്ച ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് 'ബാല്യസ്പന്ദനം'. 34,000-ത്തോളം അങ്കണവാടി കുട്ടികൾക്കും മാതാപിതാക്കൾക്കും ഏറെ ആശ്വാസം പകരുന്ന, ഏറ്റവും മികച്ച ആരോഗ്യസംരക്ഷണ പദ്ധതിയാണിത്. ആ പദ്ധതി നടപ്പാക്കിയതിന് ഗവൺമെന്റിനെ പ്രത്യേകം അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി കുട്ടികൾക്ക് തുടർചികിത്സ ഉറപ്പാക്കാൻ വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അതിനോടൊപ്പം അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണത്തിന് ഗുണനിലവാരവും പോഷകമൂല്യവും ഉറപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

16-10-2026
## Question Hour

ശ്രീമതി ബിന്ദു കൃഷ്ണ: സർ, 'ബാല്യസ്പന്ദനം' വഴി കുട്ടികളിലെ വൈകല്യങ്ങളോ മറ്റ് ആരോഗ്യ വ്യതിയാനങ്ങളോ കണ്ടെത്തിയാൽ ആരോഗ്യവകുപ്പിന്റെ സഹായത്തോടുകൂടി കൃത്യമായി തുടർചികിത്സ ഉറപ്പാക്കുന്നുണ്ട്. ഇക്കാര്യത്തിൽ ആരോഗ്യവകുപ്പിന്റെ ശുഷ്കാന്തിയോടുള്ള പ്രവർത്തനങ്ങളെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം വളരെ കൃത്യമായ ഇടപെടലുകൾ നടത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. ബിനിമോൻ: സർ, സാധാരണ സർക്കാർ പദ്ധതികൾ പോലെ ഈ പദ്ധതിയുടെ ഫണ്ടിനായി കാത്തിരുന്ന് മെല്ലെപ്പോക്കായി മാറാതെ, ശക്തമായി തുടർന്നുപോകുന്നതിന് ആവശ്യമായ ഫണ്ട് മുൻകൂറായി അനുവദിക്കാൻ നടപടിയുണ്ടോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, തീർച്ചയായും. ഇത് മറ്റ് സർക്കാർ നടപടി പോലെയല്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ

ശുഷ്കാന്തിയാണ് കാണിക്കുന്നത്. ഈ ഗവൺമെന്റ് കുട്ടികളുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും വലിയ പ്രാധാന്യമാണ് നൽകുന്നത്.

ശ്രീ. എ. പ്രഭാകരൻ: സർ, കുട്ടികളുടെ നൈസർഗികമായ, അതായത് ജന്മവാസന പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, തീർച്ചയായും മാറിവരുന്ന കാലഘട്ടത്തിൽ കുട്ടികളുടെ വളർച്ചാരീതിയും അവരുടെ ഭൗതിക സാഹചര്യങ്ങളും വ്യത്യസ്തമാണ്. ആധുനിക കാലഘട്ടത്തിന് അനുസരിച്ചുള്ള മാതൃകകൾ കുഞ്ഞുങ്ങളുടെ പഠനത്തിനായി സംസ്ഥാന സർക്കാർ ചെയ്യുന്നുണ്ട്. പ്രത്യേകിച്ച്, വനിതാ ശിശുവികസന വകുപ്പ് അങ്കണവാടികളുടെ കരിക്കുലം തന്നെ പുതുക്കുകയും അടുത്ത ജനുവരിയോടെ ആയത് നടപ്പിൽ വരുത്താനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, അങ്കണവാടികളിലെ കരിക്കുലം വാസ്തവത്തിൽ ഓരോ അങ്കണവാടിയിലും വ്യത്യസ്തമായ രൂപത്തിലാണ്

നടപ്പിലാക്കുന്നത്; അവർക്കൊരു തീം ബേസ്ഡ് രീതി ഉണ്ടെങ്കിൽപ്പോലും. ചില മാതാപിതാക്കൾ ആവശ്യപ്പെടുന്നത് കണക്ക് പഠിപ്പിക്കണം, ഇംഗ്ലീഷ് ആൽഫബെറ്റ് പഠിപ്പിക്കണം എന്നാണ്. അതിന് കൃത്യമായ ഒരു കരിക്കുലം നിർമ്മിതി അങ്കണവാടികൾക്ക് ആവശ്യമാണ്. പക്ഷെ അതിൽ ചെറിയൊരു തർക്കമുണ്ട്, മൂന്നര വയസ്സിൽ തന്നെ അത് പഠിപ്പിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. എന്തായാലും ഏകീകൃതമായ ഒരു പഠന സംവിധാനം അങ്കണവാടികൾക്ക് ഉണ്ടാകണം. ഇപ്പോൾ ഓരോ മാതാപിതാക്കളും ആവശ്യപ്പെടുന്നതിനനുസരിച്ച് ചെറിയ മാറ്റങ്ങൾ വരുത്തിയില്ലെങ്കിൽ കുട്ടികളെ അങ്കണവാടികളിലേക്ക് അയയ്ക്കുന്നില്ല. കാരണം മാതാപിതാക്കൾ പറയുന്നതുപോലെ ഇംഗ്ലീഷോ കണക്കോ പഠിപ്പിച്ചില്ലെങ്കിൽ കുട്ടികളെ അങ്കണവാടിയിലേക്ക് വിടില്ലെന്ന് വാശിപിടിക്കുന്ന അവസ്ഥയുണ്ട്. അപ്പോൾ അതിനൊരു ഏകീകൃത സംവിധാനം ഉണ്ടാക്കാൻ കഴിയുമോ; മറ്റൊന്ന്, മൂന്നര-നാല് വയസ്സാകുമ്പോഴേ കുട്ടികളിലെ നൈസർഗികമായ ചില വാസനകളും

16-10-2026

Question Hour

അവരുടെ ആറ്റിറ്റ്യൂഡും കണ്ടെത്താൻ കഴിയും. എല്ലാം കണ്ടെത്താൻ കഴിയില്ലെങ്കിലും, ഒരു ചെറിയ ടാലന്റ് സ്കാൻ പോലെ എന്തെങ്കിലും അങ്കണവാടികളിൽ നടത്താൻ കഴിയുമോ എന്നതുകൂടി പരിശോധിക്കുമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, കുട്ടികളുടെ ഭൗതികവും വൈകാരികവും സാമൂഹികവും ആരോഗ്യപരവുമായ വികാസത്തിന് ഉതകുന്ന രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായമാണ് ആലോചിക്കുന്നത്. അത്തരത്തിലുള്ള മാറ്റങ്ങൾ കരിക്കുലത്തിലുണ്ടാകും. തീർച്ചയായും എല്ലാ കുഞ്ഞുങ്ങൾക്കും വ്യത്യസ്തങ്ങളായ അഭിരുചികൾ ഉണ്ടാകും. ആ അഭിരുചികൾ വളരെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി അവരെ ആ ദിശയിലേക്ക് നയിക്കാൻ കഴിയുന്ന അടിസ്ഥാനപരമായ കാര്യങ്ങൾ അങ്കണവാടികളുടെ കരിക്കുലവുമായി ബന്ധപ്പെട്ട് ചെയ്യുന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, സമൂഹത്തിൽ ഏറ്റവും ശ്രദ്ധയാകർഷിക്കുന്ന, നാം അതീവ സൂക്ഷ്മമായി ഇടപെടേണ്ട ഒരു കാര്യമാണിത്. കഴിഞ്ഞ ഗവൺമെന്റും അങ്ങും ഇവിടെ ഒട്ടേറെ കാര്യങ്ങൾ

പറയുകയും ചെയ്തു. ഇന്ന് ലോകം ഡിജിറ്റലൈസേഷനിലേക്കും എ.ഐ. സംവിധാനങ്ങളിലേക്കും ലോകം മാറുകയാണ്. ഏറ്റവും ചെറിയ കുട്ടികൾക്കാണ് ഏറ്റവും മികച്ച സാങ്കേതിക തികവുള്ളത് എന്നാണ് പറയുന്നത്; നമ്മളാരും പോയതുപോലെയല്ല. നേരത്തെ ഇവിടെ ശ്രീ. ആര്യാടൻ ഷൗക്കത്തും ശ്രീ. എ. പ്രഭാകരനും ചോദിച്ചതുപോലെ, കുട്ടികളിലുള്ള ഈ കഴിവിനെ പരിപോഷിപ്പിക്കാൻ പ്രത്യേകമായ ഒരു പദ്ധതി കൊണ്ടുവരുമോ; നമ്മുടെ സംസ്കാരത്തോടൊപ്പം നെഗറ്റീവായ ഡിജിറ്റൽ സംവിധാനങ്ങളിലേക്കും കുട്ടികൾ ചെറിയ പ്രായം മുതൽ മാറുന്നുണ്ട്. ഇത് നിരീക്ഷിക്കാനും അവരുടെ കഴിവിനെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കാൻ കഴിയുമോ?

<u>ശ്രീമതി ബിന്ദു കൃഷ്ണ</u>: സർ, വളരെ പ്രധാനപ്പെട്ടതും ഗൗരവതരവുമായ വിഷയം തന്നെയാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയത്. കുട്ടികൾ ജനിച്ച് പിച്ചവച്ചു തുടങ്ങുന്നതിനുമുമ്പ് തന്നെ സ്മാർട്ട്ഫോണുമായി ബന്ധപ്പെട്ടാണ് വളരുന്നത്. എന്നാൽ കുഞ്ഞുങ്ങളിൽ ഡിജിറ്റൽ സ്പേസ്

പരമാവധി കുറയ്ക്കുന്നത് അവരുടെ ആരോഗ്യപരമായ വളർച്ചയ്ക്ക് ആവശ്യമാണ്. എന്തായാലും കുഞ്ഞുങ്ങൾക്ക് അനുയോജ്യമായ രീതിയിലുള്ള നടപടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, ചുരുങ്ങിയ മാസങ്ങൾ കൊണ്ടുതന്നെ ശിശുവികസന വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന് മന്ത്രി നടത്തുന്ന ഇടപെടലുകളെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. കേരളത്തിൽ ഏകദേശം 33,000-ത്തോളം അങ്കണവാടികളാണ് നിലവിലുള്ളത്. അങ്കണവാടികളിൽ കുട്ടികളുടെ പഠനത്തിനും കളിക്കും വിശ്രമത്തിനും ആവശ്യമായ സൗകര്യങ്ങളും സുരക്ഷിതമായ ചുറ്റുപാടുകളും ഉണ്ടാകണമെന്ന് നമ്മൾ ഉറപ്പുവരുത്തേണ്ടതുണ്ട്. അതോടൊപ്പംതന്നെ കുടിവെള്ളം, ശൗചാലയം, വൈദ്യുതി തുടങ്ങിയവയും ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ ഇന്ന് പ്രവർത്തിക്കുന്ന ഭൂരിഭാഗം അങ്കണവാടികളും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. നഗരങ്ങളിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് പരമാവധി 6,000 രൂപയും ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക്

4,000 രൂപയുമാണ് വാടകയായി നൽകാൻ കഴിയുന്നത്. നമ്മുടെ പിഞ്ചുകുഞ്ഞുങ്ങൾക്ക് ഇത്രയധികം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഈ വാടക വളരെ തുച്ഛമാണ്. ഇത് വർധിപ്പിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; അങ്കണവാടികൾക്ക് ഇത്തരം ഭൗതിക സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നിരീക്ഷണം നടത്താൻ വകുപ്പ് തയ്യാറാകുമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, തീർച്ചയായും. മന്ത്രിയായി ചുമതലയേറ്റതിനുശേഷം എന്നെ ഏറ്റവും കൂടുതൽ വിഷമിപ്പിച്ച ഒരു കാര്യം കൂടിയാണിത്. ഒരുപാട് അങ്കണവാടികൾ വാടകക്കെട്ടിടങ്ങളിലാണ്; ചിലതൊക്കെ വളരെ പരിമിതമായ സാഹചര്യങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ഈ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കാനും അവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പ്രോജക്ടായതിനാൽ കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

16-10-2026
Question Hour

സംസ്ഥാന സർക്കാരും പരമാവധി കാര്യങ്ങൾ ചെയ്ത് അത് പ്രാവർത്തികമാക്കും.

ശ്രീ. വി. ജോയി: സർ, ഗ്രാമീണ മേഖലയിലെ സാധാരണക്കാരുടെ വീടുകളിൽ നിന്നുവരുന്ന കുട്ടികൾക്ക് വലിയൊരു അനുഗ്രഹമാണ് അങ്കണവാടികളുടെ പ്രവർത്തനം. അങ്ങ് സൂചിപ്പിച്ചതുപോലെ 33,000 ത്തോളം അങ്കണവാടികൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വാർഡ് അടിസ്ഥാനത്തിൽ നോക്കുമ്പോൾ പല വാർഡുകളിലും ചിലപ്പോൾ അങ്കണവാടികൾ ഇല്ല, മറ്റു ചില വാർഡുകളിൽ രണ്ട് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവ പുന:ക്രമീകരിച്ച് എല്ലാ വാർഡുകളിലും ഇതിന്റെ പ്രവർത്തനം എത്തിക്കാൻ നമുക്ക് പരിശ്രമിക്കാൻ കഴിയുമോ എന്നുള്ളതാണ്. കരിക്കുലം ഒരിക്കലും കൊണ്ടുവരേണ്ടതില്ല എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. കാരണം, മൂന്നും മൂന്നരയും വയസ്സുള്ള കുട്ടികളെ സംബന്ധിച്ച് അവരുടെ

പഠനം കളിയുടെ ഭാഗമായിട്ടാണ് നടക്കേണ്ടത്. ഈ രണ്ട് കാര്യങ്ങളെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, തീർച്ചയായും ചില വാർഡുകളിൽ അങ്കണവാടികൾ ഇല്ലാത്തതും കൂടുതൽ കുട്ടികളുള്ള വാർഡുകളിൽ സൗകര്യങ്ങൾ തികയാതെ വരുന്നതും അടുത്തൊരെണ്ണം ആവശ്യമുണ്ട് എന്നതുമടക്കം നിരവധി ആവശ്യങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഉയർന്നുവരുന്നുണ്ട്. ഇതുസംബന്ധിച്ച് സമഗ്രമായ ഒരു പരിഷ്കരണത്തെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീമതി കെ. കെ. രമ: സർ, നമ്മുടെ സംസ്ഥാനത്ത് ഏകദേശം 33,000-ലധികം അങ്കണവാടികളുണ്ട്. എന്നാൽ ഇന്ന് പല അങ്കണവാടികളിലും പരിശോധിച്ചാൽ പത്തിൽ താഴെ കുട്ടികൾ മാത്രമേയുള്ളൂ. കുട്ടികളുടെ എണ്ണം ക്രമേണ കുറഞ്ഞുവരികയാണ്. അങ്കണവാടികൾക്കായി ധാരാളം പദ്ധതികൾ ഉള്ള സ്ഥിതിക്ക്, കുട്ടികളെ ഇവിടേക്ക് കൂടുതൽ ആകർഷിക്കാൻ ആവശ്യമായ നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ; അതുപോലെ

സ്കൂളുകളിലോ നഴ്സറികളിലോ ചേർക്കുന്ന സമയത്ത് അങ്കണവാടിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയാൽ കൂടുതൽ കുട്ടികൾ അങ്കണവാടികളിലേക്ക് എത്തും. അതോടൊപ്പം, നേരത്തെ ശ്രീ. എം. വിൻസെന്റ് ചോദിക്കാൻ ഉദ്ദേശിച്ച ഒരു വിഷയം കൂടിയുണ്ട്. അങ്കണവാടികളിൽ ജോലി ചെയ്യുന്നത് സ്ത്രീകളാണ്. അവരെ സംബന്ധിച്ചിടത്തോളം ഇരട്ടഭാരം ചുമക്കുന്നവരാണ്. ലെഡ്ജറും മൊബൈൽ ആപ്പും ഒരേപോലെ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ വീട്ടിൽ പോയിട്ടുപോലും ജോലി ചെയ്യേണ്ട അവസ്ഥയാണ്. വീട്ടുജോലിയും ഔദ്യോഗിക ജോലിയും അതോടൊപ്പം എല്ലാ സർവേകളും ഈ അങ്കണവാടി ടീച്ചർമാരെക്കൊണ്ടാണ് ചെയ്യിക്കുന്നത്. എന്നാൽ ഇത്രയധികം ജോലിഭാരം ഉള്ളപ്പോഴും അവർക്ക് ലഭിക്കുന്ന വേതനം വളരെ തുച്ഛമാണ്. ഈ രണ്ട് കാര്യങ്ങളിലും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ബിന്ദു കൃഷ്ണ</u>: സർ, സംസ്ഥാനത്ത് ആകെ 33120 അങ്കണവാടികളാണ് പ്രവർത്തിച്ചുവരുന്നത്. ബഹുമാനപ്പെട്ട അംഗം

16-10-2026
# Question Hour

സൂചിപ്പിച്ചതുപോലെ കുട്ടികളുടെ കുറവ് പല അങ്കണവാടികളിലുമുണ്ട്, ചിലയിടത്ത് കൂടുതലുമുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ആത്മാർത്ഥമായ ശ്രമമുണ്ടാകും. ഇവിടെ സൂചിപ്പിച്ചതുപോലെ, സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകർ, വർക്കർമാർ, ഹെൽപ്പർമാർ അടക്കമുള്ള സഹോദരിമാർ ഈ സമൂഹത്തിനുവേണ്ടി ചെയ്യുന്ന സേവനങ്ങൾ വിലമതിക്കാനാകാത്തതാണ്. എന്നാൽ അവർ ചെയ്യുന്ന ജോലിക്ക് അനുസൃതമായ ഓണറേറിയം ലഭിക്കുന്നില്ലെന്നത് പ്രയാസകരമായ കാര്യമാണ്. വരും നാളുകളിൽ അവർക്ക് അർഹമായ വേതനം ഉറപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കും. ഇതിനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പരമാവധി സഹായങ്ങൾ അനുവദിക്കുകയും കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി നിവേദനം സമർപ്പിക്കുകയും ചെയ്യുന്നതോടൊപ്പം, ഈ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യും.

16-10-2026
Question Hour

ശ്രീ. സജി ചെറിയാൻ: സർ, കുഞ്ഞുങ്ങൾ വളരെയേറെ സന്തോഷത്തോടെയാണ് അങ്കണവാടികളിലേക്ക് പോകുന്നത്. ആയിരക്കണക്കിന് അതിഥിത്തൊഴിലാളി കുടുംബങ്ങൾ ഇന്ന് കേരളത്തിൽ താമസിക്കുന്നുണ്ട്. അവരുടെ കുഞ്ഞുങ്ങൾക്ക് ഭാഷ ഒരു പ്രശ്നമാണ്. അല്ലെങ്കിൽ നമ്മുടെ കുട്ടികളുമായി ഇടപെടാൻ കഴിയുന്ന രീതികളിൽ വ്യത്യാസമുണ്ട്. അതുകൊണ്ട് അവർക്ക് പ്രത്യേകമായൊരു സംവിധാനമുണ്ടാക്കാൻ കഴിയുമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, നിലവിലെ സാഹചര്യത്തിൽ ചില അതിഥിത്തൊഴിലാളികളുടെ കുഞ്ഞുങ്ങൾ വളരെ ഭംഗിയായി മലയാളം പറയുന്നത് കാണാനിടയായിട്ടുണ്ട്. തീർച്ചയായും ആ ആവശ്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, അങ്കണവാടി വർക്കർമാർക്ക് കേന്ദ്ര വിഹിതത്തോടൊപ്പം അനുവദിച്ച ഓണറേറിയത്തിലെ വർധനവും/ഇൻക്രിമെന്റും നൽകുന്നതിൽ എന്തെങ്കിലും അപാകതകൾ

വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, ചില വിഷയങ്ങളിൽ അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുവിൽ നടക്കുന്നുണ്ടെങ്കിലും, ചിലയിടങ്ങളിലെങ്കിലും വളരെ പരിമിതമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടാത്തത് കുട്ടികൾ അവിടെ വരുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. രക്ഷിതാക്കൾക്ക് അവിടേക്ക് കുട്ടികളെ സുരക്ഷിതമായി പറഞ്ഞയയ്ക്കുന്നതിന് പ്രയാസമുണ്ടാക്കുന്ന സ്ഥിതിയുമുണ്ട്. അത്തരം കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദേശം നൽകാനുള്ള നടപടി സ്വീകരിക്കണം. കളിക്കുന്ന പ്രായത്തിലുള്ള മക്കളാണ്

16-10-2026
Question Hour

അങ്കണവാടികളിൽ വരുന്നത്. അവരുടെ കായികമായുള്ള മികവുകളെ പ്രോത്സാഹിപ്പിക്കാനോ, പരിപോഷിപ്പിക്കാനോ ഉള്ള സൗകര്യം അങ്കണവാടികളിൽ പരിമിതമാണ്. സ്വാഭാവികമായും അഞ്ച് സെന്റ് സ്ഥലമുണ്ടെങ്കിൽ അങ്കണവാടി പ്രവർത്തിപ്പിക്കാം എന്നതാണ് നിലവിലുള്ള മാനദണ്ഡം. അങ്കണവാടികളോട് ചേർന്ന് ഒരു ചെറിയ കളിയിടമെങ്കിലും സാധ്യമാക്കാനും പാർക്ക് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ യാഥാർഥ്യമാക്കുന്നതിനും വളരെ ശ്രദ്ധയോടുകൂടിയും സൂക്ഷ്മമായുമുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീമതി ബിന്ദു കൃഷ്ണ: സർ, തീർച്ചയായും. കുഞ്ഞുങ്ങളുടെ സമഗ്രമായ വികാസത്തിനുതകുന്ന പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ ആഗ്രഹിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ശിശുവികസന വകുപ്പിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബഹുമാനപ്പെട്ട നിയമസഭാ അംഗങ്ങളുടെയും സഹായം അതത് പ്രദേശങ്ങളിൽ അഭ്യർഥിക്കുകയാണ്.

16-10-2026

# Question Hour

<u>ശ്രീ. എം. റഹമത്തുള്ള:</u> സർ, സംസ്ഥാനത്തെ അറുപത്തിയാറായിരത്തോളം വരുന്ന അങ്കണവാടി ജീവനക്കാരുടെ ജീവിതത്തിലെ ഏറ്റവും വലിയ മാറ്റം സംഭവിച്ചത് ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ്. കേവലം 3000/- രൂപ മാത്രം ഓണറേറിയമുണ്ടായിരുന്ന അങ്കണവാടി ജീവനക്കാർക്ക് അത് 10,000/- രൂപയിലേക്ക് ഉയർത്തിയ ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. വീണ്ടും ഒരു പുതിയ അവസരം അവർക്ക് വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്തിൽ നടക്കുന്ന എല്ലാ നല്ല നടപടികളെയും സ്വാഗതം ചെയ്യുന്നു. 'ആന വാങ്ങി തോട്ടിയില്ല' എന്നുപറയുന്ന ഒരു കാര്യം, സിം കാർഡുണ്ട്, സ്മാർട്ട് ഫോൺ ഇല്ല. അവർക്ക് സ്മാർട്ട് ഫോൺ കൊടുക്കാൻ പോകുന്നുവെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞിരുന്നു. അത് എന്നേയ്ക്ക് കൊടുക്കാനാകുമെന്ന് പറയാൻ സാധിക്കുമോ?

<u>ശ്രീമതി ബന്ദു കൃഷ്ണ:</u> സർ, നേരത്തെ അതുസംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. അതിനുണ്ടായ സാഹചര്യവും കാലതാമസവും

16-10-2026
# Question Hour

വിശദീകരിച്ചിരുന്നു. എത്രയും വേഗത്തിൽത്തന്നെ അത് നടപ്പാക്കാൻ ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഉപചോദ്യങ്ങൾ ധാരാളമുണ്ട്. സർവശ്രീ. വി. പി. സജീന്ദ്രൻ, ഫൈസൽ ബാബു, പഴകുളം മധു, നജീബ് കാന്തപുരം, വി. മുരളീധരൻ എന്നിവരും ഇതിനേക്കാൾ കൂടുതൽ അംഗങ്ങളും ഉപചോദ്യം ചോദിക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ സമയം എക്സീഡ് ചെയ്യുകയാണ്. മാത്രമല്ല, ഇന്ന് വെള്ളിയാഴ്ചയാണ്, ടൈം ലിമിറ്റുണ്ട്. അതുകൊണ്ട് അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കാം.

**കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര**

3(*123) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. എ. മുഹമ്മദ് റിയാസ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കാരായി രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

16-10-2026

# Question Hour

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുമെന്ന് യു.ഡി.എഫ്. പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തിരുന്നോ; വാഗ്ദാനം നടപ്പാക്കിയെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ സർവീസ് നടത്തുന്ന എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സൗജന്യയാത്ര അനുവദിക്കാതെ, ചില ബസ്സുകളിൽ മാത്രം സിറ്റി ഫാസ്റ്റ് എന്ന സ്റ്റിക്കർ പതിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സൗജന്യയാത്ര അനുവദിച്ചതിനെത്തുടർന്ന് സ്വകാര്യ ബസ്സുകൾ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ബസ്സുകളിലും സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ഇല്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യ

16-10-2026
Question Hour

ബസ്സുകളിലും സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ,

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുമെന്ന് യു.ഡി.എഫ്. പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തിരുന്നു. ഇന്ദിരാ ഗ്യാരന്റിയുടെ ഭാഗമായി 'പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി' പ്രകാരം പ്രായഭേദമന്യേ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെൻഡേഴ്സിനും കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ഓർഡിനറി ബസ്സുകളിലും സൗജന്യയാത്ര അനുവദിച്ചുകൊണ്ട് 11-06-2026-ലെ സ.ഉ.(കൈ) നം. 16/2026/TRANS ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 15-06-2026 മുതൽ അത് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവ് പ്രകാരം ഓർഡിനറി ബസ്സുകളിൽ മാത്രമാണ് ടി സൗജന്യയാത്രാ സൗകര്യം നടപ്പാക്കിയിട്ടുള്ളത്. യാത്രക്കാർക്ക് പെട്ടെന്ന്

16-10-2026

Question Hour

തിരിച്ചറിയുന്നതിനുള്ള സൗകര്യത്തിനായാണ് സിറ്റി ഫാസ്റ്റ് ബസ്സുകളിൽ സ്റ്റിക്കർ പതിപ്പിച്ചത്.

(സി) ബസുടമകളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സൗജന്യയാത്ര അനുവദിച്ചതിനെത്തുടർന്ന് സ്വകാര്യ ബസ്സുകൾ നേരിടുന്ന പ്രശ്നം പഠിക്കുന്നതിനായി നിയോഗിച്ച കെ. പത്മകുമാർ ഐ.പി.എസ് (റിട്ട.)-ന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.

(ഡി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ശ്രീ. എൻ. കെ. അക്ബർ: സർ, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ 20 വർഷം പൂർത്തിയായ വർക്ക്ഷോപ്പ് വാനുകൾ പൊളിക്കാനായി മാറ്റിയതിനെ തുടർന്ന് 35 പ്രിയദർശിനി ബസ്സുകൾ വർക്ക്ഷോപ്പ് വാനുകളാക്കി മാറ്റി എന്നൊരു വാർത്ത കണ്ടിരുന്നു. ഈ 35 ബസ്സുകൾക്ക് പകരം ഇതേ റൂട്ടുകളിൽ ഇത്രയും എണ്ണം പ്രിയദർശിനി ബസ്സുകൾ സർവീസ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

16-10-2026
Question Hour

<u>ശ്രീ. സി. പി. ജോൺ</u>: സർ, തീർച്ചയായും., പ്രിയദർശിനി ബസ്സുകളുടെ എണ്ണത്തിൽ കുറവ് വരില്ല. പ്രിയദർശിനി ബസ്സുകളുടെ എണ്ണം കൃത്യമായിത്തന്നെയുണ്ടാകും.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സ്ത്രീകൾക്ക് സൗജന്യയാത്ര എന്ന പ്രകടന പത്രികയിലെ വാഗ്ദാനം എന്നുമുതൽ നടപ്പാക്കുമെന്ന് പറയാമോ; വിശദമാക്കുമോ?

<u>ശ്രീ. സി. പി. ജോൺ</u>: സർ, എല്ലാ ഓർഡിനറി ബസ്സുകളിലും നടപ്പാക്കിയിട്ടുണ്ട്. സൗകര്യം കിട്ടുന്നമുറയ്ക്ക് ബാക്കിയുള്ള ബസ്സുകളിലും സ്ത്രീകൾക്ക് സൗജന്യ യാത്ര നടപ്പാക്കുന്നതിനുള്ള ശ്രമമുണ്ട്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക ഭാവിയിൽ യഥാസമയം വിതരണം ചെയ്യാൻ എന്ത് ആലോചനയാണ് സർക്കാരിനുള്ളത്?

<u>ശ്രീ. സി. പി. ജോൺ</u>: സർ, നിലവിൽ കൃത്യമായി പെൻഷൻ നൽകിവരുന്നുണ്ട്. എന്നാൽ ഈ മേഖലയിൽ ധാരാളം ബാധ്യതകൾ

പെൻഡിങ്ങായിട്ടുണ്ട്. വാസ്തവത്തിൽ ജീവനക്കാർക്ക് ഏകദേശം 995 കോടി രൂപയും കരാറുകാർക്ക് ഏകദേശം ഇരുന്നൂറ്റി ചില്വാനം കോടി രൂപയും കൊടുക്കാൻ കുടിശ്ശികയുണ്ട്. നിലവിൽ ലോൺ ഏകദേശം 2090 കോടി രൂപയാണ്. അത് കൃത്യമായി അടയ്ക്കുന്നുണ്ട്. അതുകൊണ്ട് ഖണ്ഡശ്ശയായി അത് കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സൗജന്യയാത്ര എന്നാണ് യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നത്. അത് ഓർഡിനറി ബസ്സുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. അതിൽ ഓർഡിനറിയായി സർവീസ് നടത്തിയിരുന്ന എത്ര വാഹനങ്ങൾ സിറ്റി ഫാസ്റ്റാക്കിയിട്ടുണ്ട് എന്നുകൂടി വ്യക്തമാക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് വന്നിട്ടുള്ള ചെലവ് എത്രയെന്നും, എത്ര രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ഗവൺമെന്റ് ഇപ്പോൾ കൈമാറിയെന്നും, കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചിടത്തോളം

ഇതുമായി ബന്ധപ്പെട്ട് ഇനി എത്ര രൂപ കുടിശ്ശികയായി നിൽക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

ശ്രീ. സി. പി. ജോൺ: സർ, തീർച്ചയായും വ്യക്തമാക്കാം. ഒന്നാമത്തെ കാര്യം, താങ്കൾ എങ്ങനെയാണ് ഇത് തെറ്റിദ്ധരിച്ചതെന്ന് എനിക്കറിയില്ല. ഇക്കാര്യം ഈ സഭയിൽത്തന്നെ ഞാനൊരിക്കൽ പറഞ്ഞതാണ്. ഒരൊറ്റ ഓർഡിനറി ബസ്സിനെയും സിറ്റി ഫാസ്റ്റാക്കിയിട്ടില്ല. മറിച്ച് സിറ്റി ഫാസ്റ്റിനെ ഓർഡിനറിയാക്കുകയാണ് ചെയ്തത്. രണ്ട് സിറ്റി ഫാസ്റ്റുകളെ ഓർഡിനറിയാക്കി, പ്രിയദർശിനി ബസ് ആയി മാറ്റുകയാണ് ചെയ്തത്. ശ്രീ. എം. വിൻസെന്റ് എം.എൽ.എ. ആണ് അത് ഉദ്ഘാടനം ചെയ്തത്. വീണ്ടും ആ ചോദ്യം ചോദിക്കുന്നത് ദൗർഭാഗ്യകരമാണെന്ന് മാത്രമേ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ. അങ്ങനെയൊരു പ്രശ്നം ഉദിക്കുന്നില്ല. ഓർഡിനറി ബസ്സുകൾ വർധിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അല്ലാതെ അത് കുറയ്ക്കാനല്ല. അതുപോലെ താങ്കളിവിടെ ചോദിച്ചതുപോലെ സർക്കാരിന്റെ സഹായംകൊണ്ട് മാത്രമാണ് ഈ പദ്ധതി

മുന്നോട്ടുപോകുന്നത്. ബജറ്ററി പ്രൊവിഷനായി 600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അത് സർക്കാർ കൃത്യമായി അനുവദിച്ചുവരുന്നുമുണ്ട്. പ്രസ്തുത പദ്ധതിക്ക് ബജറ്റിൽ തുക വകയിരുത്തിയതുകൊണ്ട് ഒരു ബുദ്ധിമുട്ടുമില്ല. നിലവിൽ ഇരുന്നൂറോളം കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇനിയുള്ള മാസങ്ങളിലും ടി തുക കൃത്യമായി ലഭിക്കും. അതുകൊണ്ട് നിലവിൽ ടി പദ്ധതി നല്ല രീതിയിലാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. കാരായി രാജൻ: സർ, 'പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി' നടപ്പിലാക്കിയതിനെത്തുടർന്ന് എന്റെ നിയോജകമണ്ഡലം സ്ഥിതിചെയ്യുന്ന കണ്ണൂർ ജില്ലയിൽമാത്രം പൊതുഗതാഗത രംഗത്ത് പ്രവർത്തിച്ചുവരുന്ന മുപ്പതോളം സ്വകാര്യ ബസ്സുകൾ സർവീസ് നിർത്തിയിരിക്കുകയാണ്. ആ മേഖലയിൽ വർക്ക് ചെയ്തിരുന്ന തൊണ്ണൂറോളം തൊഴിലാളികളുടെ ഉപജീവനമാർഗം നഷ്ടപ്പെട്ട നിലയിലാണ്. അവരെ സംരക്ഷിക്കാൻ ഗതാഗത വകുപ്പിന് എന്തെങ്കിലും മാർഗനിർദേശങ്ങളുണ്ടോ?

16-10-2026

Question Hour

<u>ശ്രീ. സി. പി. ജോൺ</u>: സർ, വളരെ പ്രസക്തമായ ചോദ്യമാണ് അങ്ങ് ഉന്നയിച്ചത്. ചില സ്ഥലങ്ങളിൽ പ്രശ്നമുണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ എല്ലാ സ്ഥലത്തും പ്രശ്നമില്ല. ഉദാഹരണത്തിന് നെയ്യാറ്റിൻകര താലൂക്കിൽ പ്രൈവറ്റ് ബസ്സില്ലാത്തതുകൊണ്ട് അവിടെ ഒരു പ്രശ്നവുമില്ല. അതുപോലെ മലപ്പുറം ജില്ലയിൽ വളരെ കുറച്ച് ഓർഡിനറി ബസ്സുകളേയുള്ളൂ. അവിടെയും ഓവർലാപ്പിങ്ങിന്റെ പ്രശ്നം കൂടുതലായി വരുന്നില്ല. പക്ഷെ രണ്ടുപേരും ഒരുമിച്ച് ഓപ്പറേറ്റ് ചെയ്യുന്ന മേഖലകളിൽ തീർച്ചയായും ചില പ്രശ്നങ്ങളുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് റിട്ട. ഡി.ജി.പി. ആയ കെ. പത്മകുമാർ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ചേരുകയും മിക്ക സ്ഥലങ്ങളിലെയും സ്വകാര്യ ബസ്സ് ഉടമകളോട് സംസാരിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കുകയും ചില നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്തിട്ടുണ്ട്. അത് ചുരുക്കിപ്പറയാം.

16-10-2026
# Question Hour

1. സ്വകാര്യ മേഖലയിൽ തീരെ സർവീസ് നടത്താൻ കഴിയാത്ത ബസ്സുകളുണ്ടെങ്കിൽ അവ വെറ്റ് ലീസിന് എടുക്കാൻ സർക്കാർ തയ്യാറാണ്. അതിന് സ്വകാര്യ ബസ്സ് ഉടമകളുമായി നെഗോഷ്യേറ്റ് ചെയ്യുകയും അവരുമായി സ്ഥിരം ബന്ധപ്പെട്ടുകയും ചെയ്യുന്നുണ്ട്. കിലോമീറ്ററിന് ഒരു നിശ്ചിത തുക നൽകാമെങ്കിൽ ബസ്സ് വിട്ടുതരാമെന്നാണ് സ്വകാര്യ ബസ്സ് ഉടമകൾ പറയുന്നത്. അങ്ങനെ വരുമ്പോൾ അവർക്ക് തൊഴിലാളികളുടെ പ്രശ്നവും വരുന്നില്ല. നിലവിൽ അവർ സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. തുടർന്നും അവരുമായി ചർച്ച ചെയ്യാൻ തയ്യാറാണ്.

2. രണ്ടാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ മറ്റൊരുകാര്യം, ചില സ്ഥലങ്ങളിൽ കൂടുതൽ ഓർഡിനറി ബസ്സുകൾ സർവീസ് നടത്തുന്നുണ്ട്. ചില സ്ഥലങ്ങളിൽ അത് വളരെക്കുറവാണ്. അക്കാര്യം റാഷണലൈസ് ചെയ്താൽ കുറെ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ കഴിയും. ഉദാഹരണത്തിന് പാലക്കാട്, തൃശ്ശൂർ മേഖലകളിൽ ഓർഡിനറി ബസ്സുകൾ കൂടുതലായുണ്ട്. അതേസമയം, ചില റൂട്ടുകളിൽ കുറവ് ബസ്സുകളാണുള്ളത്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി

16-10-2026
Question Hour

അംഗം ശ്രീ. കെ. സുരേഷ് ബാബു ചെയർമാനായിട്ടുള്ള ഒരു നാലംഗ കമ്മിറ്റിയെ ഏതാനും ദിവസങ്ങൾക്കുമുമ്പ് നിയോഗിച്ചിട്ടുണ്ട്. അവർ പ്രൈവറ്റ് ബസ് മേഖലയിലെ ആളുകളുമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ആ കമ്മിറ്റി ഒരു സിറ്റിംഗ് നടത്തി എന്തൊക്കെയാണോ പ്രശ്നം അത് കുറയ്ക്കുകയും ചെയ്യും. സർക്കാരിന് സ്വകാര്യ മേഖല ബസ്സ് മുതലാളിമാരോട് ഒരു പ്രശ്നവുമില്ല. പൊതുമേഖലയിൽ പൊതുഗതാഗതം നടത്തുന്നവരാണവർ. പൊതുഗതാഗത രംഗത്തെ നിക്ഷേപകരായാണ് സർക്കാർ സ്വകാര്യ ബസ് മുതലാളിമാരെ കാണുന്നത്. അവരുമായി സഹകരിച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഈ മേഖലയിലെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കാസർഗോഡിലെയും മഞ്ചേശ്വരത്തെയും സ്ത്രീകളുടെ പ്രത്യേക അഭിനന്ദനം അറിയിക്കുകയാണ്. കാരണം, കർണ്ണാടക സർക്കാർപോലും അന്തർസംസ്ഥാന വാഹനങ്ങളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിച്ചിരുന്നില്ല. ഞങ്ങളുടെ ഒരു സങ്കടം

16-10-2026
Question Hour

പറഞ്ഞപ്പോൾ, ഇന്ത്യൻ ചരിത്രത്തിൽ ആദ്യമായി, കാസർഗോഡിലെയും മഞ്ചേശ്വരത്തെയും സ്ത്രീകൾക്ക് മംഗലാപുരം വരെ പോകുന്നതിനായി സൗജന്യയാത്ര അനുവദിച്ചതിന് ബഹുമാന്യനായ മുഖ്യമന്ത്രിയെയും ഗതാഗത വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുകയാണ്.

എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥിനികൾ പഠിക്കാൻ പോകുന്നത് മംഗലാപുരത്താണ്. സൗജന്യയാത്ര അനുവദിച്ചതിനുശേഷം രാവിലെ ഏഴുമണിക്കും ഒൻപതുമണിക്കുമിടയിൽ ഓരോ ബസ്സുകളിലുമുള്ള ആളുകളുടെ എണ്ണം ക്രമാതീതമായി വർധിച്ചിട്ടുണ്ട്. ബസ്സുകളുടെ ദൗർലഭ്യം കാരണം കുട്ടികൾക്ക് ഒൻപതരയ്ക്ക് ക്ലാസ്സിൽ എത്താനോ പരീക്ഷയ്ക്ക് എത്താനോ കഴിയാത്ത സാഹചര്യമാണുള്ളത്. അതുപോലെ, വൈകുന്നേരം നാലുമണിക്കും ആറുമണിക്കും തിരിച്ചുവരുമ്പോഴും വളരെയധികം വൈകിയാണ് അവർ വീടുകളിൽ എത്തുന്നത്. രാവിലെ ഏഴിനും ഒൻപതിനുമിടയ്ക്കും വൈകുന്നേരം നാലിനും ആറിനുമിടയ്ക്കും

16-10-2026

Question Hour

മഞ്ചേശ്വരത്തെ വിദ്യാർഥിനികൾക്ക് മംഗലാപുരത്തേക്ക് പോകുന്നതിന് പ്രത്യേക ബസ്സുകൾ അനുവദിക്കുമോ?

ശ്രീ. സി. പി. ജോൺ: സർ, മഞ്ചേശ്വരം നിയോജകമണ്ഡലം എം.എൽ.എ. ആദ്യം മുതൽ ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. തീർച്ചയായും, ഇക്കാര്യം പരിശോധിക്കുന്നതാണ്. മാത്രമല്ല, മലബാറിലെ ചില പ്രദേശങ്ങളിൽ/ നിയോജകമണ്ഡലങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ വളരെക്കുറവാണ്. ഒന്നോരണ്ടോ ഓർഡിനറി ബസ്സുകൾ അനുവദിക്കുന്നതിനുള്ള ആലോചനയുണ്ട്. വടകരയും അതിൽ ഉൾപ്പെടുന്നുണ്ട്. ഓർഡിനറി ബസ്സുകൾ ഒന്നുമില്ലാത്ത അത്തരം സ്ഥലങ്ങളിൽ യഥാവസരം ഓർഡിനറി ബസ്സ് അനുവദിക്കാൻ ശ്രമിക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നിയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രശ്നത്തെ സംബന്ധിച്ച് അങ്ങേയ്ക്ക് ബോധ്യമുള്ളതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചെങ്കിലും

16-10-2026
Question Hour

ബഹുമാനപ്പെട്ട കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ ബഹുമാനപ്പെട്ട കോടതി ആ കേസ്സിൽ തീർപ്പുകല്പിച്ചിട്ടുണ്ട്. ഇനി കുറച്ച് ഫർണിച്ചറുകൾ മാത്രമേ ആവശ്യമായിട്ടുള്ളൂ. ആയതിനാൽ ഉടൻതന്നെ ഡിപ്പോയുടെ ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. പി. ജോൺ: സർ, തീർച്ചയായും. അതുസംബന്ധിച്ച് ഒരു യോഗം ചേർന്നിരുന്നു. അവിടെയുണ്ടായിരുന്ന മുൻ എം.എൽ.എ. ശ്രീ. അടൂർ പ്രകാശും കോന്നി നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യും ഉൾപ്പെടെയുള്ളവർ പ്രസ്തുത വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതുമായി ബന്ധപ്പെട്ടുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. വളരെ വേഗത്തിൽത്തന്നെ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതാണ്.

ശ്രീ. ഫൈസൽ ബാബു: സർ, നഗരവാസികൾക്ക് 'പ്രിയദർശിനി' ആനുകൂല്യം ലഭിക്കുന്നതരത്തിലുള്ള ഒരു ആലോചന വേണ്ടതല്ലേ?

16-10-2026

# Question Hour

കേരളത്തിൽ നടപ്പാക്കിയ 'പ്രിയദർശിനി' സൗജന്യയാത്ര സ്ത്രീകളുടെ ജീവിതത്തിൽ, ഒരു ഇംപാക്റ്റ് സ്റ്റഡിക്ക് വിധേയമാക്കേണ്ടതരത്തിലുള്ള സ്വാധീനമുണ്ടാക്കിയിട്ടുണ്ട്. പക്ഷെ, പലപ്പോഴും നഗരത്തിലുള്ള സ്ത്രീകൾക്ക് മൊബിലിറ്റി കുറവാണ്. അവർ നഗരത്തിന് പുറത്തേക്ക് പോകുന്നത് വിരളമായാണ്. എന്റെയും പ്രിയപ്പെട്ട അംഗം ശ്രീ. കെ. ജയന്തിന്റെയും നിയോജകമണ്ഡലം സ്ഥിതിചെയ്യുന്ന കോഴിക്കോടിലെ നോർത്ത്-സൗത്ത് ഭാഗങ്ങളിലുള്ള സ്ത്രീകൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല. 'പ്രിയദർശിനി സൗജന്യ യാത്ര' പദ്ധതി അർബൻ പ്രോജക്ടായി ഒരു മെട്രോ ഷട്ടിൽ സിറ്റി സർക്കുലർ ബസ്സ് എന്ന രീതിയിൽ ആരംഭിച്ചാൽ സിറ്റിയെ ആശ്രയിക്കുന്ന നഗരവാസികളോടൊപ്പംതന്നെ നഗരം സന്ദർശിക്കാൻ വരുന്ന വിദേശ വനിതകൾക്കും സൗജന്യമായി യാത്ര ചെയ്യാൻ സാധിക്കും. അത് ഒരു സൗജന്യത്തിന്റെ മാത്രം പ്രശ്നമല്ല, കേരളസംസ്ഥാനവും ഇവിടുത്തെ ഭരണകൂടവും വെൽഫെയർ സ്കീമിൽ എങ്ങനെ ഊന്നിനിൽക്കുന്നുവെന്നതിന്റെ ആനുകൂല്യം, ആ ഒരു സ്കീമിന് വെൽഫെയർ സ്റ്റേറ്റ് എന്ന നമ്മുടെ ആശങ്കയെ

16-10-2026
Question Hour

ഗ്ലോബലി പ്ലെയ്സ് ചെയ്യാനുള്ള ഏറ്റവും മനോഹരമായ ഓപ്ഷൻ കൂടിയായിരിക്കും ഇത്. 'പ്രിയദർശിനി സൗജന്യ യാത്ര' എന്ന സംവിധാനത്തിന് ഒരു അർബൻ പ്രോജക്ട് ഉണ്ടാക്കിക്കഴിഞ്ഞാൽ അതിന്റെ പൈലറ്റ് പ്രോജക്ട് കോഴിക്കോട് നഗരത്തിൽ ആരംഭിക്കുന്നതിനെ ഞങ്ങൾ സർവാത്മനാ സ്വാഗതം ചെയ്യും. അങ്ങനെ എന്തെങ്കിലും പദ്ധതികൾ ആലോചനയിലുണ്ടോ?

<u>ശ്രീ. സി. പി. ജോൺ</u>: സർ, അർബനായിട്ടുള്ള കാര്യങ്ങൾ ഇല്ലെന്നുപറയുന്നത് ശരിയല്ല. ഉദാഹരണത്തിന്, തിരുവനന്തപുരത്ത് ഏറ്റവും കൂടുതൽ 'പ്രിയദർശിനി' ബസ്സ് ഓടുന്നത് അർബൻ ഏരിയയിലാണ്. മലബാറിലെ കാര്യമാണ് പറഞ്ഞത്, അതിൽ അർബൻ ഏരിയയിൽ എവിടെയെങ്കിലും 'പ്രിയദർശിനി' ബസ്സുകളുടെ കുറവുണ്ടെങ്കിൽ അത് വർധിപ്പിക്കാൻ സാധിക്കും. അതുപോലെ വിനോദ സഞ്ചാരികൾക്ക് ഇതൊരു ആകർഷകമായി തോന്നുന്നുണ്ട്. അത്തരം കാര്യങ്ങൾ ഘട്ടംഘട്ടമായി

ആലോചിക്കാവുന്നതാണ്. കോഴിക്കോടുള്ള പ്രശ്നം പ്രത്യേകം പരിഗണിക്കുന്നതാണ്.

ശ്രീ. അബിൻ വർക്കി കോടിയാട്ട്: സർ, ശബരിമലയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ബസ്സ് സ്റ്റേഷനാണ് പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ടെർമിനൽ. അതിന്റെ നിർമ്മാണം നാളുകൾക്കുമുമ്പ് പൂർത്തീകരിച്ചെങ്കിലും ഇതേവരെ അതിന് കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. അതിന്റെ പ്രധാനപ്പെട്ട കാരണം എസ്.റ്റി.പി. (Sewage Treatment Plant)-യും അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളുമായിരുന്നു. ഈ ശബരിമല കാലത്തിനുമുമ്പ് അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

ദീർഘദൂര ബസ്സുകളിൽ പ്രത്യേകിച്ച്, മിന്നൽ ബസ്സ്, ഞാൻ പതിവായി യാത്ര ചെയ്യുന്ന ബസ്സാണ്. രാത്രികാലങ്ങളിൽ ആ ബസ്സ് വളരെ വേഗതയിൽ പോകുമ്പോൾ പെട്ടെന്ന് ബ്രേക്ക് ചവിട്ടുന്ന അവസരത്തിൽ പുഷ് ബാക്ക് സീറ്റുകളിൽ ഇരിക്കുന്ന യാത്രക്കാർക്ക് അപകമുണ്ടാകാനുള്ള സാധ്യതയുണ്ട്.

16-10-2026
Question Hour

അതുകൊണ്ട് ദീർഘദൂര ബസ്സുകളിൽ പ്രത്യേകിച്ച്, മിന്നൽ ബസ്സുകളിൽ സീറ്റ് ബെൽറ്റ് ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കാൻ ആലോചനയുണ്ടോ?

ശ്രീ. സി. പി. ജോൺ: സർ, രണ്ടു കാര്യങ്ങളാണ് പറഞ്ഞത്, ഒന്ന് പത്തനംതിട്ടയിലെ വിഷയം സംബന്ധിച്ചാണ്. ഇതേ പ്രശ്നം പാലക്കാടും ഉണ്ടായിരുന്നു. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ ഡിപ്പോകളും കേന്ദ്രീകരിച്ച് എം.എൽ.എ.-മാരെ ചെയർമാൻമാരായി ഒരു ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നത് ബഹുമാനപ്പെട്ട സഭയ്ക്ക് അറിയാവുന്ന കാര്യമാണ്. അതിന്റെ പ്രവർത്തനം വളരെ ഫലപ്രദമായി നടത്തുന്നുണ്ട്. ഗാന്ധിജയന്തി ദിനത്തിനുമുമ്പ് ഏഴുദിവസം ആയിരക്കണക്കിന് ആളുകൾ നമ്മുടെ ട്രാൻസ്പോർട്ട് സ്റ്റാൻഡുകളിലെ ഡിപ്പോകൾ വൃത്തിയാക്കുകയുണ്ടായി. അങ്ങനെയൊരു പുതിയ മാറ്റം നടന്നിരിക്കുകയാണ്. ബഹുമാന്യനായ ശ്രീ. അബിൻ വർക്കി കോടിയാട്ടിന്റെ നിയോജകമണ്ഡലത്തിലും ആ പ്രവൃത്തി നടത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ (bottlenecks) ഉണ്ട്. അത്തരം

16-10-2026
# Question Hour

പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി, ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെടാവുന്നതാണ്. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻസിപ്പൽ ചെയർമാനും ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റിയിൽ അംഗമാണ്. ഇതുസംബന്ധിച്ച് ഞങ്ങൾ ഒരു മീറ്റിങ് നടത്തിയിരുന്നു. അക്കാര്യം എത്രയുംവേഗം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാം. ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് പിഷാരടിയുടെ നിയോജകമണ്ഡലമായ പാലക്കാടും ഇതേ പ്രശ്നം ഉണ്ടായിരുന്നു. പ്രശ്നങ്ങളുണ്ടെങ്കിലും നല്ലൊരു ബസ്സ് സ്റ്റാൻഡ് ആണത്.

എന്നാൽ സീറ്റ് ബെൽറ്റിന്റെ കാര്യത്തിൽ നല്ലൊരു നിർദേശമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. സഡൻ ബ്രേക്ക് വന്നാൽപോലും ആളുകൾക്ക് ബുദ്ധിമുട്ടാണ്. അതുകൊണ്ട് ദീർഘദൂര ബസ്സുകളിൽ സീറ്റ് ബെൽറ്റ് കൊണ്ടുവരുന്നതിനുള്ള പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ചില മോഡലുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അത്

16-10-2026
## Question Hour

നടപ്പിലായാൽ സീറ്റ് ബെൽറ്റിടുമ്പോൾ എന്തെങ്കിലും ഒരു ചെറിയ പ്രശ്നമുണ്ടായാലും അപകടത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയും.

ശ്രീ. പി. കെ. പ്രവീൺ: സർ, 'പ്രിയദർശിനി' ബസ്സ് വന്നതോടുകൂടി പല മേഖലയിലും ബസ്സുകളിൽ യാത്രക്കാരുടെ എണ്ണം വർധിച്ചിട്ടുണ്ട്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം, 100 മുതൽ 150 വരെ സ്ത്രീകളാണ് ഓരോ ബസ്സിലും യാത്ര ചെയ്യുന്നത്. ഈ തിരക്ക് വലിയൊരു അപകടത്തിനിടയാക്കുമെന്ന് ഞാൻ നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിച്ചിരുന്നു. കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വലിയവെളിച്ചം ഒരു വ്യാവസായിക കേന്ദ്രമാണ്. അവിടെയുള്ള സ്ത്രീ തൊഴിലാളികൾ രാവിലെ എട്ടര മുതൽ ഈ ബസ്സിനെ ആശ്രയിച്ചാണ് യാത്ര ചെയ്യുന്നത്. അവിടെ പുതിയ ഒരു ബസ്സ് റൂട്ട് കൂടി അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സി. പി. ജോൺ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. അനുഭാവപൂർവം അത് പരിഗണിക്കുന്നതാണ്.

16-10-2026
Question Hour

<u>ശ്രീ. പഴകുളം മധു</u>: സർ, കേരളത്തിൽ ഇത്രയേറെ സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും യു.ഡി.എഫ്. സർക്കാർ സ്ത്രീകൾക്ക് ഓർഡിനറി ബസ്സുകളിൽ സൗജന്യയാത്ര നടപ്പാക്കാനുള്ള ധീരമായ നടപടി സ്വീകരിച്ചത് ജനങ്ങളിലാകെ വലിയ ആവേശം ഉണ്ടാക്കിയിട്ടുണ്ട്. ശബരിമല സീസൺ കാലത്ത് കെ.എസ്.ആർ.ടി.സി. എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്; എത്ര ബസ്സുകളാണ് ഏർപ്പെടുത്തുന്നത്; കഴിഞ്ഞ തവണ ചില പരാതികളും യാത്രാ പ്രശ്നങ്ങളുമൊക്കെ ഉണ്ടായിരുന്നു. അവയെല്ലാം പരിഹരിക്കാൻ ശ്രമം നടത്തുന്നുണ്ടോ; ശബരിമലയിലേക്കുള്ള കെ.എസ്.ആർ.ടി.സി. യാത്രയുടെയും ബസ് ഓപ്പറേഷന്റെയും ഒരു പ്രധാന കേന്ദ്രമായി മാറേണ്ടത് റാന്നിയാണ്. പക്ഷെ, ഇത്ര കാലമായിട്ടും റാന്നി വെറുമൊരു ഓപ്പറേറ്റിങ് സെന്ററായി മാത്രമാണ് നിൽക്കുന്നത്. അതിനെ ഉയർത്തി ഒരു ഡിപ്പോയോ സബ് ഡിപ്പോയോ ആക്കി മാറ്റാനുള്ള പരിശ്രമം ഉണ്ടാകുമോ? ശബരിമലയ്ക്ക് ഏറ്റവും അനിവാര്യമായ ഒരു ആവശ്യമാണിത്.

16-10-2026
# Question Hour

<u>ശ്രീ. സി. പി. ജോൺ</u>: സർ, ശബരിമലയുടെ കാര്യം മുൻകൂട്ടി കണ്ടുകൊണ്ട് കുറേയേറെ ബസ്സുകൾ അറ്റകുറ്റപ്പണികൾ ചെയ്തു. റീഫർബിഷ് ചെയ്യുകയെന്നാണ് അതിനെ പറയുന്നത്. 100 ബസ്സുകൾ ഏതാണ്ട് പുതിയ ബസ്സ് പോലെയായിട്ടുണ്ട്. ഒരു ബസ്സിന് ഏതാണ്ട് രണ്ടുമുതൽ രണ്ടരലക്ഷം രൂപയാണ് ചെലവുവരുന്നത്. ആ ബസ്സുകൾ പുതിയ ബസ്സുകൾ പോലെ പ്രയോജനം ചെയ്യും. അതുപോലെ പുതിയ ബസ്സുകളും ലഭ്യമായി തുടങ്ങി. അത് ശബരിമലയ്ക്ക് പ്രയോജനപ്പെടില്ലെങ്കിലും ലീസിന് കുറച്ച് ബസ്സുകൾ ആവശ്യപ്പെട്ടപ്പോൾ എയർകണ്ടീഷൻ ബസ്സും എയർകണ്ടീഷൻ അല്ലാത്ത നോൺ എ.സി. ബസ്സും ലഭ്യമായിട്ടുണ്ട്. അങ്ങനെ ഏതാണ്ട് 100 ബസ്സുകളുടെ സ്റ്റോക്ക് വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അത്തരത്തിൽ ഞങ്ങൾ ഒരുങ്ങിയിരിക്കുകയാണ്. നാളെ (17-10-2026) ബഹുമാന്യനായ മുഖ്യമന്ത്രി പമ്പയിൽ ഒരു യോഗം ചേരുന്നുണ്ട്. ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ, റാന്നിയിൽ ഇതൊരു സീസണലായിട്ടുള്ള ഫെസ്റ്റിവൽ ആയതുകൊണ്ട് എല്ലാ സമയത്തും തിരക്കുണ്ടാവില്ല. എങ്കിലും റാന്നിയിലെ

കാര്യങ്ങളിൽ സബ് ഡിപ്പോയാണോ വേണ്ടതെന്നുള്ള കാര്യങ്ങൾ ഇതിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കാം. ബഹുമാനപ്പെട്ട അംഗം അക്കാര്യങ്ങളിലെല്ലാം പങ്കെടുക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്യുന്നയാളാണ്. പമ്പയിലും ഒരു താൽക്കാലിക സംവിധാനമാണ് ഉള്ളതെങ്കിലും അവിടെയും ഒരു ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ യോഗങ്ങൾ നടക്കുകയാണ്.

<u>പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ)</u>: സർ, കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് അനുവദിക്കണമെന്ന രീതിയിലുള്ള ഒരു വാർത്ത അടുത്തിടെ കാണാനിടയായി. എന്നാൽ, ഈ ബാധ്യത ഏറ്റെടുക്കാൻ തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാകുമോ എന്നൊരു സംശയം അതിലുണ്ടായിരുന്നു. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടെന്ന പരാതി ശക്തമായി നിലനിൽക്കുമ്പോൾ, ഈ

തീരുമാനം അവയുടെ സ്വന്തം വികസന പ്രവർത്തനങ്ങളെയും മറ്റും പ്രതികൂലമായി ബാധിക്കില്ലേ; അത് പ്രായോഗികമാകുമോ; അത്തരമൊരു തീരുമാനത്തിൽ ഉറച്ചുനിന്നാൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ മറ്റ് അടിസ്ഥാന സൗകര്യവികസനങ്ങൾക്ക് പ്രശ്നമാകില്ലേ എന്നത് ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. സി. പി. ജോൺ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചത് തീർച്ചയായും പ്രധാനപ്പെട്ട ഒരു കാര്യമാണ്. പക്ഷേ അങ്ങനെ ചെയ്യണമെന്ന് കരുതുന്ന സ്ഥാപനങ്ങളുണ്ടെങ്കിൽ അവർക്ക് ചെയ്യാം, അല്ലാതെ നമ്മൾ നിർബന്ധിക്കുന്നില്ല. ഗ്രാമപഞ്ചായത്തുകളെപ്പോലെയല്ല പ്രത്യേകിച്ച് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും നല്ല വരുമാനം ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കണമെന്ന് തോന്നിയാലും അവർക്ക് വിട്ടുകിട്ടിയ സ്ഥാപനമല്ലെന്നൊരു പ്രശ്നമുണ്ട്. അങ്ങനെയല്ലെങ്കിൽപോലും അവർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് അവർക്കത് ചെയ്യാമെന്ന്

മാത്രമേയുള്ളൂ. മാത്രമല്ല, അവിടത്തെ ടോയ്‌ലെറ്റ് സൗകര്യങ്ങൾ വൃത്തിയാക്കുക, മെച്ചപ്പെടുത്തുക തുടങ്ങിയ ഉത്തരവാദിത്വം അവർക്കുണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പൊതു ടോയ്‌ലെറ്റുകളുടെ വൃത്തി ഉറപ്പുവരുത്താനുള്ള ചുമതലയുണ്ട്. പക്ഷേ ഞങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്നും ഒരിക്കലും പിന്നോട്ട് മാറുന്നില്ല; ഞങ്ങൾ തന്നെയാണത് മുന്നോട്ട് കൊണ്ടുപോകുന്നത്. പക്ഷേ ഏതെങ്കിലും ഒരു പഞ്ചായത്തിനോ മുനിസിപ്പാലിറ്റിക്കോ അവരുടെ നാട്ടിൽ ഇടപെടണമെന്ന് തോന്നിയാൽ ഇടപെടാനുള്ള ഒരു പ്രൊവിഷൻ കൊടുത്തുവെന്ന് മാത്രമേയുള്ളൂ. അല്ലാതെ അവരുടെ അവകാശങ്ങളിലേക്കൊന്നും ഞങ്ങൾ കടക്കുന്നില്ല.

മി. സ്പീക്കർ: സർ, ഉപചോദ്യത്തിനുള്ള പതിനേഴ് റിക്വസ്റ്റ് കൂടിയുണ്ട്. പക്ഷേ അവസാനത്തെ ചോദ്യത്തിനുവേണ്ടി ഇനി എട്ട് മിനിട്ട് കൂടിയേയുള്ളൂ. അതുകൊണ്ട് അത് പാസ് ഓൺ ചെയ്യുകയാണ്.

16-10-2026

# Question Hour

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധികളും വെല്ലുവിളികളും

4 (*124) ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ
ശ്രീ. കെ. രാജൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. അജയപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സാക്ഷരതയിലും പൊതുവിദ്യാഭ്യാസത്തിലും മുന്നിലാണെങ്കിലും കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല നിലവിൽ സങ്കീർണ്ണമായ നിരവധി പ്രതിസന്ധികളിലൂടെയും വെല്ലുവിളികളിലൂടെയുമാണ് കടന്നുപോകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരളത്തിലെ ഭൂരിഭാഗം വിദ്യാർഥികളും ഉപരിപഠനത്തിനായി മറ്റ് സംസ്ഥാനങ്ങളെയോ വിദേശ രാജ്യങ്ങളെയോ ആശ്രയിക്കുന്ന പ്രവണത വളരെ വേഗത്തിൽ വർധിച്ചുവരുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

16-10-2026
Question Hour

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.), ഡാറ്റാ സയൻസ് തുടങ്ങിയ ആധുനിക സാങ്കേതിക മേഖലകൾക്ക് അനുയോജ്യമായ രീതിയിൽ കേരളത്തിലെ കോഴ്സുകൾ പരിഷ്കരിക്കപ്പെടാത്തത് വിദ്യാർഥികളുടെ തൊഴിൽക്ഷമതയെ ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വിദ്യാർഥികളുടെ വിദേശ കുടിയേറ്റം കാരണം സംസ്ഥാനത്തെ പല പ്രമുഖ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലും ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് ആവശ്യത്തിന് കുട്ടികളില്ലാതെ വൻതോതിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന പ്രതിസന്ധിയുണ്ടോ; വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ) :സർ,

(എ) ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന സമകാലിക വെല്ലുവിളികളും പരിഷ്കരണ ആവശ്യകതകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിരുദധാരികൾക്കിടയിലെ തൊഴിലില്ലായ്മ, പ്രായോഗിക വൈദഗ്ധ്യത്തിന്റെ കുറവ്, ആവശ്യത്തിന് ഗവേഷണ ഫണ്ടിന്റെ അഭാവം എന്നിവയും മേഖലയിലെ വെല്ലുവിളികളായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

16-10-2026
Question Hour

ഈ വെല്ലുവിളികളെ നേരിടുന്നതിനും ഉന്നതവിദ്യാഭ്യാസ മേഖലയെ ആധുനികവൽക്കരിക്കുന്നതിനുമായി സമഗ്രമായ വികസന പ്രവർത്തനങ്ങളും പരിഷ്കാരങ്ങളും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഉപരിപഠനത്തിനായി സംസ്ഥാനത്തെ വിദ്യാർഥികൾ മറ്റ് സംസ്ഥാനങ്ങളെയോ വിദേശ രാജ്യങ്ങളെയോ ആശ്രയിക്കുന്ന പ്രവണത വർധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ആഗോളതലത്തിലുള്ള തൊഴിൽ സാധ്യതകൾ, ഉയർന്ന ജീവിതനിലവാരം, പോസ്റ്റ്-സ്റ്റഡി വർക്ക് വിസ സൗകര്യങ്ങൾ, പഠനത്തോടൊപ്പം പാർട്ട് ടൈം ജോലി ചെയ്യാനുള്ള അവസരങ്ങൾ, സ്ഥിരതാമസത്തിനുള്ള (PR) സാധ്യതകൾ എന്നിവയാണ് വിദ്യാർഥികളെ വിദേശപഠനത്തിലേക്ക് ആകർഷിക്കുന്ന പ്രധാന ഘടകങ്ങൾ എന്നുകാണുന്നു. കൂടാതെ വിദേശ സർവകലാശാലകളിലെ സ്വകാര്യതയും സ്വാതന്ത്ര്യവും തൊഴിൽസാധ്യതയും വിദ്യാർഥികളെ ആകർഷിക്കുന്നുണ്ടെന്ന് വിലയിരുത്തപ്പെടുന്നു. ഇത് കൂടുതൽ പരിശോധിക്കുന്നതിനായി 'Student Aspiration Survey'

16-10-2026
Question Hour

പരീക്ഷണാടിസ്ഥാനത്തിൽ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഇത്തരം അക്കാദമിക് പലായനം തടയുന്നതിനും വിദ്യാർഥികളെ സംസ്ഥാനത്ത് നിലനിർത്തുന്നതിനുമായി വിദേശ സർവകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവച്ച് സ്റ്റുഡന്റ് എക്സ്ചേഞ്ച്, ഡ്യുവൽ ഡിഗ്രി പ്രോഗ്രാമുകൾ നടപ്പിലാക്കുകയും Industry on Campus Earn and Learn പദ്ധതി വ്യാപിപ്പിക്കുകയും വിദേശ വിദ്യാർഥികളെ ആകർഷിക്കാൻ Semester in Kerala പദ്ധതിയും Global Knowledge Exchange Park (KEP) സ്ഥാപിക്കലും വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ സംസ്ഥാനത്തിനകത്തുതന്നെ ലഭ്യമാക്കുന്നതിനായി സ്വകാര്യ സർവകലാശാലകൾക്കും (Private Universities) വിദേശ സർവകലാശാലകൾക്കും (Foreign Universities) സംസ്ഥാനത്ത് പ്രവർത്തനാനുമതി നൽകുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

16-10-2026

Question Hour

(സി) പരമ്പരാഗത വിഷയങ്ങളിൽ ഇത്തരം നൂതന സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തുന്നതിലെ കുറവുകൾ തൊഴിൽക്ഷമതയെ ബാധിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആധുനിക സാങ്കേതിക മേഖലകൾക്ക് അനുയോജ്യമായ രീതിയിൽ കോഴ്സുകളും പാഠ്യപദ്ധതികളും കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നുണ്ട്. തൊഴിൽ വിപണിയിലെ മാറ്റങ്ങൾ വിശകലനം ചെയ്യാൻ Job Watch Tower (JWT), Apprenticeship Exchange Platform എന്നിവയും സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ഡി) പ്രമുഖ സർക്കാർ, എയ്ഡഡ് കോളേജുകളിലെ മെറിറ്റ് സീറ്റുകളിലും പുതു-തലമുറ കോഴ്സുകളിലും മികച്ച പ്രവേശനവും ഡിമാൻഡും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. എം.ജി. സർവകലാശാല നേരിട്ട് നടത്തുന്ന നവീന കോഴ്സുകളിലും കുസാറ്റിലും പ്രവേശനത്തിൽ വർധനവുണ്ടായിട്ടുണ്ട്. കൂടാതെ ഗവ. ലോ കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന പ്രതിസന്ധിയില്ല. എന്നിരുന്നാലും, കഴിഞ്ഞ കാലങ്ങളിൽ മൊത്തം കോളേജുകളുടെയും സീറ്റുകളുടെയും എണ്ണം ഗണ്യമായി വർധിച്ചതിനാലും

16-10-2026
Question Hour

പരമ്പരാഗത കോഴ്സുകൾക്ക് താൽപര്യം കുറഞ്ഞതിനാലും ചില കോളേജുകളിൽ സീറ്റുകൾ ഒഴിവുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ, വിദ്യാർത്ഥികളുടെ വിദേശ കുടിയേറ്റവും നേരിട്ടുള്ള തൊഴിൽ പ്രവേശന താൽപര്യവും കാരണം സംസ്ഥാനത്തെ എം.ടെക് (M.Tech) കോഴ്സുകളിൽ ഏകദേശം 30 ശതമാനം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമുണ്ട്. ഈ സാഹചര്യം പരിഹരിക്കുന്നതിനായി തൊഴിലധിഷ്ഠിത പാഠ്യപദ്ധതി പരിഷ്കരണങ്ങളും വ്യവസായ സഹകരണവും ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, നിലവിലുള്ള ബിരുദ ബിരുദാനന്തര കോഴ്സുകൾ തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കുന്നതിന് വ്യവസായ സ്ഥാപനങ്ങളുടെയും തൊഴിൽ വിദഗ്ധരുടെയും അഭിപ്രായം തേടുമോ?

ശ്രീ. റോജി എം. ജോൺ: സർ, നിശ്ചയമായും, തൊഴിൽരംഗം അതിവേഗം മാറിക്കൊണ്ടിരിക്കുന്നുവെന്നതാണ് ഇന്നത്തെ കാലഘട്ടത്തിന്റെ

16-10-2026
# Question Hour

ഒരു പ്രത്യേകത. ഒരു പക്ഷേ ഇന്ന് ലഭ്യമാകുന്ന തൊഴിലവസരങ്ങൾ നാളെ ലഭ്യമാകണമെന്നില്ല, നാളെ പുതിയ തൊഴിലവസരങ്ങളായിരിക്കും സൃഷ്ടിക്കപ്പെടുന്നത്. മാറുന്ന തൊഴിൽ സാഹചര്യങ്ങൾക്കും ഇൻഡസ്ട്രിയുടെ ആവശ്യങ്ങൾക്കുമനുസരിച്ച് കോഴ്സുകൾ രൂപപ്പെടുത്തുകയെന്നത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. തീർച്ചയായും അതിനുവേണ്ടിയുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പുമന്ത്രിയുമായി സംയുക്ത യോഗങ്ങളും കൂടാതെ ഇൻഡസ്ട്രി റെപ്രസെന്റിറ്റീവ്സുമായും ചില യോഗങ്ങളും ചേർന്നിരുന്നു. പ്രസ്തുത ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയിലെ കോഴ്സുകളിൽ ആവശ്യമായ പരിഷ്കാരങ്ങൾ കൊണ്ടുവരുന്ന കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം പരിഹരിക്കുന്നതിനായി കോഴ്സുകളുടെ പ്രസക്തി പരിശോധിച്ച് വിദ്യാർഥികളുടെ താൽപര്യത്തിനനുസരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുമോ?

16-10-2026
## Question Hour

ശ്രീ. റോജി എം. ജോൺ: സർ, നിശ്ചയമായും, പല കോളേജുകളിലും ചില കോഴ്സുകൾക്ക് കൂടുതൽ ഡിമാൻഡുള്ള സാഹചര്യമുണ്ട്. കാരണം, അത് കാലികപ്രസക്തവും തൊഴിൽ സാധ്യതയുള്ളതുമായ കോഴ്സുകളാണ്. എന്നാൽ ഇപ്പോൾ ചില കോളേജുകളിലെങ്കിലും പല കൺവെൻഷണൽ പ്രോഗ്രാമുകൾക്കും വിദ്യാർത്ഥികളുടെ കുറവ് കാണുന്നുണ്ട്. അതിന് അനുസൃതമായി കോഴ്സുകളിൽ ആവശ്യമായ പരിഷ്കാരങ്ങൾ കൊണ്ടുവരേണ്ടതായിട്ടുണ്ട്. നിലവിലുള്ള ചില കൺവെൻഷണൽ പ്രോഗ്രാമുകൾ റീസ്ട്രക്ചർ ചെയ്തും മോഡിഫൈ ചെയ്തും വിദ്യാർത്ഥികൾക്ക് കൂടുതൽ താൽപര്യം ജനിപ്പിക്കുന്ന തരത്തിൽ തൊഴിലധിഷ്ഠിതമായതും കാലഘട്ടത്തിനനുസൃതമായതുമായ കോഴ്സുകളാക്കി മാറ്റിയെടുക്കാനും നമുക്ക് സാധിക്കും. അതിനുള്ള നടപടികളും ഉന്നതവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

ശ്രീ. കെ. രാജൻ: സർ, കേരളത്തിലെ സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനം, അധ്യാപക നിയമനം, അക്കാദമിക്

16-10-2026
# Question Hour

ബോഡികൾ ജനാധിപത്യപരമായിട്ടുള്ള സിൻഡിക്കേറ്റ് അക്കാദമിക് കൗൺസിൽ, ജനറൽ കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് തുടങ്ങി എല്ലായിടത്തും സർക്കാരിനെ നോക്കുകുത്തിയാക്കി സർക്കാരിന്റെ അഭിപ്രായംപോലും സ്വീകരിക്കാതെ കേന്ദ്രഗവൺമെന്റിന്റെയും ബി.ജെ.പി.-യുടെയും രാഷ്ട്രീയ താൽപര്യങ്ങൾ നടപ്പാക്കാൻവേണ്ടിയുള്ള ഒരു ശ്രമം നടക്കുന്നുണ്ടെന്നകാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് അങ്ങയുടെ കീഴിലുള്ള സർവകലാശാലകളിൽ മാത്രമല്ല, കാർഷിക സർവകലാശാല ഉൾപ്പെടെ എല്ലായിടത്തും ജനറൽ കൗൺസിലിലിലേക്കുള്ള നിയമനങ്ങളിൽപോലും ഏകപക്ഷീയമായി ആ താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടി ലോക്ഭവനെയും ഗവർണ്ണറെയും ഒരു പാലമാക്കി ഉപയോഗപ്പെടുത്തിക്കൊണ്ട് നടക്കുന്ന ശ്രമം നമ്മൾ എല്ലാവരും കാണുന്നുണ്ട്. ഈ ഘട്ടത്തിൽ നിയമനങ്ങളിലും ഭരണപരമായ തീരുമാനങ്ങളിലും കേന്ദ്ര താൽപര്യങ്ങൾ നടപ്പാക്കാതെ സർവകലാശാലകളുടെ അക്കാദമിക സ്വയംഭരണം ഉറപ്പുവരുത്താനും

സംസ്ഥാന സർക്കാരിന്റെ ഇക്കാര്യത്തിലുള്ള താൽപര്യം നിലനിർത്താനും വേണ്ടി ഈ ഗവൺമെന്റ് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്? സംസ്ഥാന സർക്കാരിനെ നോക്കുകുത്തിയാക്കി കേന്ദ്രം ഇടപെടുന്ന അപകടകരമായ 'catch them young' എന്ന പ്രശ്നം ഉള്ളപ്പോൾ നമ്മൾ സംസാരിച്ച സംഘപരിവാർ രാഷ്ട്രീയം വളരെ ഗൗരവമായി യൂണിവേഴ്സിറ്റികളെ പിടിച്ചടക്കുന്ന നിലയിലാണെന്നത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടാകും. ഇതിന്മേൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. റോജി എം. ജോൺ: സർ, കഴിഞ്ഞ കുറച്ചുവർഷങ്ങളായി കേരളത്തിലെ വിവിധ സർവകലാശാലകളിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെയുള്ള പ്രവണതകൾ ഉണ്ടായിട്ടുണ്ട്. വൈസ് ചാൻസലർ നിയമനം, സിൻഡിക്കേറ്റിലേക്കും സെനറ്റിലേക്കും ബോർഡ് ഓഫ് സ്റ്റഡീസിലേക്കുമൊക്കെയുള്ള പ്രതിനിധികളുടെ നിയമനങ്ങൾ എന്നിവയിൽ ചാൻസലർ ഇടപെടുന്ന ഒരു രീതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

നിരവധി സർവകലാശാലകളിൽ ഉണ്ടായിട്ടുണ്ട്. അത്തരം പ്രവണതകൾ തുടർന്നുവരുന്നുവെന്നുള്ളത് യാഥാർഥ്യം തന്നെയാണ്. സർവകലാശാലകളിൽ വൈസ് ചാൻസലർമാർ ഇല്ല എന്നുള്ളത് ഗുരുതരമായ പ്രശ്നം തന്നെയാണ്. അതുസംബന്ധിച്ച് നിരവധി കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും പരിഗണനയിലുണ്ട്. ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ ശാശ്വതപരിഹാരം കാണുന്നതിനായി എല്ലാ സർവകലാശാലകളിലും സ്ഥിരം വൈസ് ചാൻസലർമാരെ നിയമിക്കാനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യാതൊരു തരത്തിലുമുള്ള വർഗീയവൽക്കരണമോ പ്രത്യയശാസ്ത്ര ധ്രുവീകരണത്തിന് കാരണമാകുന്ന ഇപടപെടലുകളോ ഒരു കാരണവശാലും അംഗീകരിക്കില്ലെന്നതാണ് ഈ ഗവൺമെന്റിന്റെ നിലപാട്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, വൈസ് ചാൻസലർ അദ്ദേഹത്തിന്റെ നിർദേശങ്ങൾ നടപ്പാക്കിക്കൊണ്ടിരുന്ന സമയത്ത് കഴിഞ്ഞ സർക്കാർ വളരെ

16-10-2026
Question Hour

ശക്തമായി അതിനെ എതിർക്കുകയും കാമ്പസിന് അകത്തും പുറത്തും അതുപോലെതന്നെ ബഹുമാനപ്പെട്ട സുപ്രീം കോടതിയടക്കമുള്ള കോടതികളിലും അതിനെതിരെ പോരാട്ടം നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഈ ഗവൺമെന്റ് അത്തരത്തിലുള്ള പോരാട്ടത്തിനൊന്നും നിൽക്കാതെ വിധേയമാകുന്ന ഒരു സമീപനമാണ് സ്വീകരിക്കുന്നത്. എന്തായാലും അത് മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്.

വിദേശ യൂണിവേഴ്സിറ്റികളിൽ പഠനാന്തരീക്ഷം വ്യത്യസ്തമാണെന്നതാണ് വിദ്യാർത്ഥികൾ പുറത്തേക്ക് പോകുന്നതിന്റെ പ്രധാനപ്പെട്ട ഒരു കാരണം. വളരെ ഫ്ലെക്സിബിൾ ആയ സിലബസ്, പഠിക്കുന്നതിനിടയിൽ അവരുടെ താൽപര്യത്തിനനുസരിച്ച് മേജർ, മൈനർ എന്നിങ്ങനെ മാറാനുള്ള സൗകര്യം, കൂടുതൽ അക്കാദമിക് ക്രെഡിറ്റുകൾ ഉണ്ടാക്കാനുള്ള സൗകര്യങ്ങൾ എന്നിവയൊക്കെ വിദേശ യൂണിവേഴ്സിറ്റികളിലുണ്ട്. സംസ്ഥാനത്ത് അത്തരത്തിലുള്ള സംവിധാനങ്ങളുണ്ടെങ്കിലും വേണ്ടത്ര മുന്നോട്ട് പോയിട്ടില്ല. കൂടുതൽ വ്യത്യസ്തമായ മേഖലകളിൽനിന്ന് കുട്ടികൾക്ക്

16-10-2026
Question Hour

പഠിക്കാനും ക്രെഡിറ്റുകൾ എടുക്കാനും അതോടൊപ്പം മേജർ, മൈനർ എന്നിങ്ങനെ മാറാൻ കഴിയുന്ന രീതിയിൽ സിലബസ് ഫ്ലക്സിബിൾ ആക്കുന്നതിന് ഉന്നതവിദ്യാഭ്യാസ മേഖലയെ റീസ്ട്രക്ച്ചർ ചെയ്യുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. റോജി എം. ജോൺ: സർ, ചോദ്യോത്തരവേളയിൽ പൊതുവെ രാഷ്ട്രീയ ആരോപണങ്ങൾ ഉന്നയിക്കാറില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോടതികളിൽ കേസുകൾ നടക്കുമ്പോഴും കോടതിക്ക് പുറത്ത് അടച്ചിട്ട മുറികളിൽ ചില ധാരണകൾ ഉണ്ടാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചില നിയമനങ്ങൾ നടക്കുകയുമൊക്കെ ചെയ്തത് നമ്മുടെ എല്ലാവരുടെയും ശ്രദ്ധയിലുള്ളതാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ലെങ്കിലും അത്തരത്തിൽ അടച്ചിട്ട മുറിയിലുള്ള ഒത്തുതീർപ്പുകൾക്ക് ഈ ഗവൺമെന്റ് തയ്യാറല്ല എന്നാണ് സൂചിപ്പിക്കാനുള്ളത്.

മറ്റൊന്ന്, ഉന്നതവിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ കോഴ്സുകളിലും പ്രോഗ്രാമുകളിലും കൊണ്ടുവരേണ്ട

മാറ്റങ്ങൾ സമഗ്രമായി പരിശോധിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ കൊണ്ടുവരും. കേരളത്തെ ഒരു ഹയർ എഡ്യൂക്കേഷൻ ഡെസ്റ്റിനേഷനാക്കി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുതകുന്ന പദ്ധതികളാണ് ഗവൺമെന്റ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്, ആയത് യാഥാർത്ഥ്യമാക്കുന്ന നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും.

മി. സ്പീക്കർ: ഒരു കാര്യം പറയാം. സമാധാനപരമായ ഈ സമയത്ത് ഞാൻ ഇത് പറഞ്ഞില്ലെങ്കിൽ, ഇത് വ്യക്തിപരമാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടേക്കാം. ദയവായി എല്ലാവരും സഭയോട് സഹകരിക്കണം. പല പ്രാവശ്യം പറഞ്ഞിട്ടുള്ള കാര്യമാണിത്. വളരെ സീനിയറായ വ്യക്തികളാണ് ഇവിടെ ഇരിക്കുന്നത്. അതുകൊണ്ട് ട്രാൻസാക്ഷൻസ് നടക്കുന്ന സമയത്ത് അതിനോട് പൂർണ്ണമായി യോജിച്ചുപോകണം. സഭയ്ക്ക് മുഖം തിരിച്ചു വന്നുനിന്ന ആളുകളെപ്പോലും പേരെടുത്ത് ഞാൻ ഇവിടെ പരാമർശിച്ചിട്ടില്ല. എന്നാൽ ആരൊക്കെയാണ് അങ്ങനെ നിന്നതെന്ന് അവർക്ക് വ്യക്തമായി അറിയാം. അതുകൊണ്ട്, ഇത്തരം കാര്യങ്ങൾ ഇനി

Uncorrected/Not for publication

16-10-2026

# Question Hour

ആവർത്തിക്കരുതെന്ന് വളരെ വിനയപൂർവം ഞാൻ ഓർമ്മിപ്പിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)